(2) 1985–ലെ കേരള ധനവിനിയോഗ (നമ്പർ–8) ബിൽ

Minister for Finance and Law **(Shri. K.M. Mani)**: Sir, I introduce the Kerala Appropriation (No. 8) Bill, 1985.

Mr. Speaker: The Bill stands introduced.

Minister for Finance and Law **(Shri.K.M. Mani)**: Sir, I move that the Kerala Appropriation (No. 8) Bill, 1985, be taken into consideration.

Minister for Co-operation **(Smt. M. Kamalam)** Sir, I second it.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, എനിക്ക് പ്രസംഗിക്കുവാൻ ഒന്നും ഇല്ല. പാസ്സാക്കിയ ഉപധനാഭ്യർത്ഥനകൾക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ള തുക ചെല വഴിക്കുവാൻ വേണ്ടി മാത്രമുള്ള ഒരു അഭ്യർത്ഥനയാണ്.

ശ്രീ. ടി.കെ. ഹംസ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. സർ, ധനദുർവിനിയോഗമാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. അഴിമതിയും പിടിപ്പുകേടുംകൊണ്ട് ദുർബ്ബലമായ ഒരു ഗവൺമെൻറാണ് ഇവിടെ അധികാരത്തിൽ ഇരിക്കുന്നത്. സർ, നമ്മുടെ പ്രധാനമന്ത്രി ഹരിജനങ്ങളെ കാണാൻവേണ്ടിയാണ് ഇവിടെ വന്നത്. എന്തുകൊണ്ടാണ് ഈ സംസ്ഥാനത്തു മാത്രം വന്നത്? ഇതര ഗവൺമെൻറുകളും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എന്താണ് ഹരിജനങ്ങളെ കാണാൻ പോകാതിരുന്നത്? കർണ്ണാടകത്തിൽ പോയോ? ഈ കാലംവരെ പശ്ചിമ ബംഗാളിൽ പോയോ? ഇതുവരെ തമിഴ്നാട്ടിൽ പോയിട്ടില്ല, ആന്ധ്രയിൽ പോയിട്ടില്ല, ഇവിടെ ഒരുക്കിനിറുത്തി ഹരിജനങ്ങളെ കാട്ടിക്കൊടുക്കുകയാണ് ചെയ്തത്. കോഴി ബിരിയാണിയും പച്ചരിയും ആണ് കഴിക്കുന്നത് എന്നു ഹരിജനങ്ങൾക്കുവേണ്ടി മറ്റൊരാളെക്കൊണ്ടു പറയിക്കുകയാണ്. ഈ സംസ്ഥാനത്തു കൊണ്ടുവന്ന് ഒരുക്കിനിറുത്തി അവർക്കുവേണ്ടി വിവരം പറയിപ്പിക്കാം എന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നു. ഹരിജനങ്ങളോട് സ്നേഹമുള്ള ഒരു ഗവൺമെൻറാണ്, ഹരിജനക്ഷേമവകുപ്പിൻെറ നാലുകോടി ഏഴുലക്ഷംരൂപ ലാപ്സാക്കിക്കളഞ്ഞത്. സ്പെഷ്യൽ കമ്പോണൻറ് സ്കീമിൽ നാലുകോടി അഞ്ചുലക്ഷം രൂപ വേറേയും ലാപ്സാക്കി. അങ്ങനെ ഹരിജനങ്ങളുടെ പേരിൽ അനുവദിക്കുന്ന സംഖ്യപോലും ലാപ്സാക്കിക്കളയുന്ന ഒരു ഗവൺമെൻറാണ് അധികാരത്തിൽ ഇരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് അറിയാം, വിൽപ്പന നികുതിയിനത്തിൽ മുപ്പതുകോടിരൂപ ഈ ഗവൺമെൻറിന് പിരിഞ്ഞു കിട്ടാനുണ്ട് എന്ന്. യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. അഴിമതിയുടെ ദുർഗന്ധം രണ്ടുമൂന്നു ദിവസമായി ഈ സഭയിൽ നിറഞ്ഞുനിൽക്കുന്നു. എക്സൈസ് വകുപ്പുമന്ത്രിയെക്കുറിച്ച് ഇന്നലെ ശ്രീ. ലോനപ്പൻ നമ്പാടൻ കുറച്ചു കാര്യങ്ങൾ പറഞ്ഞു. അതുപോലെതന്നെ ജലസേചനവകുപ്പുമന്ത്രിയുടെ കേരളാ വാട്ടർ അതോറിറ്റി വേസ്റ്റ് വാട്ടർ അതോറിറ്റി ബിൽ ചർച്ച ചെയ്യുമ്പോൾ വളരെ ഗൗരവമായ ചില അഴിമതി ആരോപണങ്ങൾ ഈ സഭയിൽ മുഴങ്ങിക്കേൾക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: മിനിഞ്ഞാന്ന് എക്സൈസ് വകുപ്പു മന്ത്രിക്കെതിരായി എല്ലാ തെളിവുകളോടുംകൂടി, അദ്ദേഹം പതിനഞ്ചു സെന്റു സ്ഥലം ആലപ്പുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തു വാങ്ങിച്ചു എന്ന്, ഞാൻ ഈ സഭയിൽ പറയുകയുണ്ടായി. ആ അവസരത്തിൽ ആ സ്ഥലം ഒരു ലക്ഷംരൂപയ്ക്ക് തരാം എന്ന് ഉറപ്പു നൽകുകയും ചെയ്തു. ഇപ്പോൾ അദ്ദേഹത്തെ സമീപിക്കുമ്പോൾ അതു തരുകയില്ല എന്ന് പറയുന്നത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി.കെ. ഹംസ: അതിനെ സംബന്ധിച്ച് ഞാൻ എന്റെ അഭിപ്രായം പറയാം. എന്നോടാണ് ചോദിച്ചത് ഞാൻ മറുപടി പറയാം. ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് പിന്നീട് പറയാം. എന്റെ സമയം അനുവദിച്ചു കൊടുക്കാൻ പറ്റില്ല..... (ബഹളം)....

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എക്സൈസ് വകുപ്പു മന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, ഞാൻ വാക്കുപാലിച്ചില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഒരുലക്ഷം രൂപയുമായി എന്നെ സമീപിച്ചു എന്നു പറഞ്ഞു. ഞാൻ നിഷേധിച്ചു എന്നു പറഞ്ഞു. ഇതു കള്ളമാണ്. ഒരുലക്ഷം രൂപയ്ക്ക് അത് എഴുതിക്കൊടുക്കുവാൻ ഞാൻ എസ്.ആർ.പി. യോട് ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. ടി.കെ. ഹംസ: സർ, ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി രൂപീകരിക്കുന്നതായ കേരളാ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ചെയർമാനും മന്ത്രിതന്നെ ആയിരിക്കണം എന്നു വച്ചത് അഴിമതി മറച്ചുപിടിക്കാനാണ്.....(ബഹളം).....

ശ്രീ. പി.സി. ജോർജ്ജ്: ഈ സഭയിൽ ഒരു കച്ചവടമുണ്ടോ? ഒരുലക്ഷം രൂപ നമ്പാടൻമാസ്റ്റർ കൊടുത്താൽ വസ്തു എഴുതിക്കൊടുക്കാം എന്നു പറഞ്ഞുകഴിഞ്ഞു. വീണ്ടും അഡ്വാൻസുമായിട്ട് വരുന്നത് എന്തിനാണ്? അദ്ദേഹത്തിന്റെ പാർട്ടി ഓഫീസിൽ പോയി ഒരുലക്ഷം രൂപ എൽപ്പിച്ചാൽ എഴുതിത്തരും.

ശ്രീ. എം.എം. ഹസ്സൻ: സർ, ഇതു സഭയിൽവച്ചാണോ ചെയ്യുന്നത്? സഭയുടെ അന്തസ് അനുസരിച്ചുവേണ്ടേ പ്രവർത്തിക്കുവാൻ?

മി. ഡെപ്യൂട്ടി സ്പീക്കർ: കച്ചവടമെല്ലാം പുറത്തുമതി. അത് ഇവിടെ നടത്തുന്നതു ശരിയല്ല.

ശ്രീ. ടി.കെ. ഹംസ: ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി, അതോറിറ്റിയുടെ ചെയർമാനും മന്ത്രിയും അദ്ദേഹമായിരിക്കണം എന്ന് എന്തുകൊണ്ടാണ് പറയുന്നത്. അതിൽ നടത്തുന്ന അഴിമതികളും പിടിപ്പുകേടുകളും കുഴൽ കുംഭകോണങ്ങളും ചെയർമാനും മന്ത്രിയും ഒരാൾ ആയാൽ പൂഴ്ത്തിവയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. അതിനനുയോജ്യമായ വിധത്തിൽ അതോറിറ്റികളെ രൂപീകരിക്കുന്നു. അതിനു മൗനാനുവാദം നൽകുന്ന സർവ്വകക്ഷികളും നേതാക്കളുടെ ആണ് അവിടെയുള്ളത്. അത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റേയും പിടിപ്പുകേട് ഉള്ള ഗവൺമെന്റാണ് ഇവിടെയുള്ളത്.

നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാനത്തിന്റെ നില എന്താണ്? ഇന്നു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടി, 1984–85–ൽ, ഒരു വർഷംകൊണ്ട്, 482 കൊലപാതകം നടന്നു എന്നാണ്. ഈ വർഷം 188 കൊലപാതകം വേറെ നടന്നു. മൂന്നരവർഷക്കാലത്തെ ചരിത്രത്തിൽ 101 ഹരിജനങ്ങളും കൊല്ലപ്പെട്ടു. 55 ക്ഷേത്രമോഷണങ്ങളും നടന്നു. 1984–85–ൽ 49737 കുറ്റകൃത്യങ്ങളും നടന്നു. 4508 മോഷണക്കേസുകളിൽ പ്രതികളെ ഇതുവരെ പിടികിട്ടിയിട്ടില്ല. ഇവർക്ക് എന്താണ് പണി? ഇവർ രാജ്യം ഭരിക്കുന്നുണ്ടോ? ഗുരുവായൂരപ്പന്റെ പച്ചവൈരക്കല്ലുമാല പോയിട്ട് ഇന്നുവരെ കണ്ടു പിടിക്കാൻ കഴിഞ്ഞോ? ഏറ്റുമാനൂരപ്പന്റെ വിഗ്രഹം മോഷണംപോയപ്പോൾ ചാടിക്കളിച്ചത് അറിയില്ലേ? ഇവിടെ ഭരണവും ഇല്ല ക്രമസമാധാനവും ഇല്ല. 355 ബലാൽസംഗങ്ങൾ നടന്നു. എന്തുകൊണ്ടാണ് ഇതു വർദ്ധിക്കുന്നത്? ക്രമസമാധാനത്തിൽ അപാകതകൾ എന്തുകൊണ്ടാണ് വർദ്ധിക്കുന്നത്? പോലീസിന്റെ ഭാഗത്തു നിന്നും അക്രമം ഉണ്ടായിട്ടില്ലേ? അതിനെ മന്ത്രി ന്യായീകരിക്കുന്നു. ടെലഫോൺ എക്സ്ചേഞ്ചിൽ പോലീസ് കയറി അതിക്രമം നടത്തിയതിനെ ശക്തിയായി പ്രോൽസാഹിപ്പിക്കുകയാണ് ഉണ്ടായത്. ശ്രീ. രാഘവൻ പൊഴക്കടവിലിന്റെ മകനെ പോലീസ് കൊണ്ടുപോയി തല്ലി. എന്നിട്ട് അതിനെതിരായി ഒരു ചെറുവിരലനക്കാൻ സാധിച്ചോ നിങ്ങൾക്ക്? ആഭ്യന്തരവകുപ്പിന്റെ ഭരണമാണ് ഇത്. ഭരണപക്ഷത്തുള്ള ഒരു എം.എൽ.എ. യുടെ മകനെ കൊണ്ടുപോയി അടിച്ചാൽ പിന്നെ ഞങ്ങളുടെയൊക്കെ മക്കളുടെ സ്ഥിതി എന്താണ്? റോഡിൽകൂടി നടക്കേണ്ടേ? ഐ–യും എ–യും തീരുമാനിക്കുന്നത് പോലീസിനെ കൊണ്ടാണോ? പോലീസ് അതിക്രമം കാണിച്ചാൽ ന്യായീകരിക്കാതെ നടപടി സ്വീകരിക്കുകയല്ലേ വേണ്ടത്? മാവൂർ റയോൺസിന്റെ അടുത്ത് ഉള്ള ജനങ്ങളെ മുഴുവൻ പോലീസ് ഓടിച്ചിട്ടു തല്ലി. അടിയന്തിര പ്രമേയം അവതരിപ്പിച്ച സമയത്ത് ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ ചന്ദ്രഹാസമിളക്കി. പോലീസിനെ കയറൂരി വിട്ടാൽ സ്ഥിതിയെന്താണ്? അതുമാത്രമല്ല ശ്രീ. ശരത്ചന്ദ്ര പ്രസാദിനെ തല്ലിച്ചു. മന്ത്രി നേരിട്ടാണ് തല്ലിച്ചത്. (എ) യും (ഐ) യും തമ്മിലുള്ള വിരോധം തീർക്കാൻ മന്ത്രി നേരിട്ട് പോലീസിനെക്കൊണ്ടു തല്ലിച്ചു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. പ്രസാദിനെ അടിച്ച് എല്ലൊടിച്ചു. അല്ലെങ്കിൽത്തന്നെ വികലാംഗനാണ്. ഇപ്പോൾ മറേറ കാലും പോയി. ഈ തരത്തിലുള്ള ക്രൂരമായ മർദ്ദനം നടത്തുന്നു, സ്വന്തം പാർട്ടിക്കകത്ത്. ഇതൊക്കെയാണ് ക്രമസമാധാനത്തിന്റെ നില. കായംകുളം പോലീസ് സ്റ്റേഷനിൽ വിദ്യാർത്ഥികൾ സമരം നടത്തുകയും കയ്യേറ്റം നടത്തുകയും ചെയ്തു. അങ്ങനെ ഒരു ഗവൺമെന്റാണ് ഇവിടെ 'ധനദുർവിനിയോഗ ബിൽ' പാസ്സാക്കണമെന്നു പറയുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ജാതി–മത–വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുകയല്ലേ ഇന്നീ സംസ്ഥാനത്ത്? ഇത് എവിടെച്ചെന്ന് അവസാനിക്കും? ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നിശ്ചിത പരിപാടി ഇല്ലാതിരുന്നിട്ടും പാലക്കാട് വടക്കന്തറ അമ്പലത്തിലെ ആർ.എസ്.എസ്. കാർ സംഘടിപ്പിച്ച ബാലഗോകുലം കാണിക്കുവാൻ കൊണ്ടുപോയി. പ്രധാനമന്ത്രിക്ക് അതിനു പരിപാടി ഉണ്ടായിരുന്നോ? പ്രധാനമന്ത്രി പാലക്കാട് സന്ദർ

LIBRARY ARCHIVES Kerala Legislative Assembly

ശിച്ചപ്പോഴും അന്നുണ്ടായിരുന്ന ബാലഗോകുലം, പരിപാടി (ശ്രീകൃഷ്ണജയന്തി) നിറുത്തി വയ്ക്കണമെന്നു പറഞ്ഞു. അവർക്കു രോഷം ഇല്ലാതിരിക്കുവാൻ വേണ്ടി ആർ.എസ്.എസ്. കാർ സംഘടിപ്പിച്ച ബാലഗോകുലം ശ്രീ. കരുണാകരൻ കൊണ്ടുപോയി കാണിച്ചു. അങ്ങനെ പ്രധാനമന്ത്രിയുടെ പരിപാടി തെറ്റിച്ചു. അത് എന്തിനാണ്? അവരുടെ ആളാണ് താൻ എന്നു വരുത്താനല്ലേ? ആ നിലയിൽ വർഗ്ഗീയതയെ നിങ്ങൾ പ്രോൽസാഹിപ്പിച്ചാൽ ഈ രാജ്യം എവിടെ എത്തി നിൽക്കും? വേദനാജനകമായ സ്ഥിതിയാണ് ഉള്ളത്. 'പൊതുമുതൽ ദുർവിനിയോഗ ബിൽ' പാസ്സാക്കിക്കൊടുത്താൽ അതുപയോഗിച്ചാണ് ഈ വികടത്തരമൊക്കെ ചെയ്യുന്നത്. ഇതാണ് പിടിപ്പുകേടിനെപ്പറ്റി ഞാൻ പറയുന്നത്.

സർ, ഞാൻ ചോദിക്കട്ടെ നമ്മുടെ ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ശിശുപാലൻ, ആർ.എസ്.എസ്.—ന്റെ നിലയ്ക്കൽ സമരത്തിൽ പങ്കെടുത്തു. അതിന് അദ്ദേഹത്തെ സസ്പെൻറ് ചെയ്തു. പക്ഷേ ഒരു ചാർജ്ജ് ഷീറ്റ് പോലും കൊടുക്കാതെ സസ്പെൻഷൻ പിൻവലിച്ച് റീ—ഇൻസ്റ്റേറ്റ് ചെയ്തു. ഇപ്പോൾ ഉദ്യോഗത്തിൽക്കയറി. ആ നയം എന്താണ് സി. ജെ. ജോസഫിന്റെ കാര്യത്തിൽ സ്വീകരിക്കാത്തത്? അയാൾ ആർ.എസ്.എസ്. ന്റെ വർഗ്ഗീയകലാപം ഉണ്ടാക്കാനാണോ പോയത്? എൻ.ജി.ഒ. സമരത്തെ സഹായിക്കുവാൻ വേണ്ടി, അതിനുവേണ്ടി പ്രവർത്തിച്ചു എന്നുള്ളതിന്റെ പേരിൽ അല്ലേ യാതൊരു മുന്നറിയിപ്പും ഇല്ലാതെ വിശദീകരണം ചോദിക്കാതെ അതു വിശദീകരിക്കുവാൻ സമയം കൊടുക്കാതെ ശ്രീ. സി.ജെ. ജോസഫിനെ പിരിച്ചുവിട്ടത്? എന്താണ് ശ്രീ. ശിശുപാലന്റെ കാര്യത്തിൽ അങ്ങനെ ചെയ്യാതിരുന്നത്? എക്സ്പ്ലനേഷൻ ചോദിച്ചോ? വിശദീകരണം വാങ്ങിയോ? അപ്പോൾ ജാതിയും മതവും വർഗ്ഗീയതയും നിങ്ങൾ പ്രോൽസാഹിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞു, മന്ത്രി സ്ഥാനം തന്നിട്ടില്ലെങ്കിൽ ഞങ്ങൾ ചോദിച്ചാൽ വെള്ളിത്തളികയിൽ പട്ടണക്കാട് കൊണ്ടുവന്നു തരും എന്ന്. 'കാർക്കിച്ചു മുഖത്തു തുപ്പിയാൽ ടൗവ്വൽ എടുക്കാൻപോലും ധൈര്യമില്ല, മുഖ്യമന്ത്രിക്ക്', എന്നു ഞാൻ അല്ല ബഹുമാനപ്പെട്ട സുകുമാർ അഴീക്കോടാണ് പറഞ്ഞത്. ഇങ്ങനെയുണ്ടോ ഒരു കോൺഗ്രസ്. ശ്രീ. കെ.എം. മാണി ഇപ്പോഴും പറയുന്നു, ഞങ്ങളില്ലാതെ ഭരണമില്ല ഈ രാജ്യത്ത്, സുക്ഷിച്ചോ എന്ന്. ഞങ്ങളോടല്ല ശ്രീ. കരുണാകരനോടാണ് പറഞ്ഞത്. ഈ തരത്തിൽ ചന്ദ്രഹാസമിളക്കുന്നതിനെ മുഴുവൻ പഞ്ചപുച്ഛമടക്കി

1 p.m.] ബഹുമാനപ്പെട്ട കോൺഗ്രസ്സ് 'ഐ' ക്കാർ നോക്കി നിൽക്കുന്നു. ഇങ്ങനെ അധഃപതിച്ചുപോകാണോ നിങ്ങൾ? എന്നിട്ട് എന്നെ കോൺഗ്രസ്സിലേക്ക് ക്ഷണിക്കുകയാണ്. ആ കോൺഗ്രസ്സിലേക്ക് തന്നെയാണ് എന്നെ ഇപ്പോൾ ക്ഷണിക്കുന്നത്. ഞാൻ അതിന് ഇപ്പോൾ മറുപടി പറയുന്നില്ല. ഇപ്പോഴുള്ള കോൺഗ്രസ്സ് നാഗ്പൂർ കോൺഗ്രസ്സല്ലോ? അതങ്ങനെ പൊയ്ക്കോട്ടെ. എന്നെപ്പോലെയുള്ള പാവപ്പെട്ടവർക്ക് ഇപ്പോഴത്തെ കോൺഗ്രസ്സിൽ സ്ഥാനമില്ല. അതുകൊണ്ട് ആ ക്ഷണമൊക്കെ അവിടെ വച്ചിരുന്നാൽമതി. ഈ തരത്തിൽ നിങ്ങൾ ജാതിയ്ക്കും മതത്തിനും വർഗ്ഗീയതയ്ക്കും എതിരായി പരിപാവനമായ കോൺഗ്രസ്സ് നേതൃത്വവുമായി വരേണ്ട കാലം വരികയാണ്. അത് നിങ്ങളെക്കൊണ്ട് പറയിക്കും. ആരിഫ് മുഹമ്മദ്ഖാൻ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര സഹമന്ത്രി പറഞ്ഞില്ലേ? നമ്പ്യാരുടെ പേരിൽ മെമ്മോറാണ്ടം കൊടുത്തില്ലേ? അത് നിങ്ങളെക്കൊണ്ട് പറയിപ്പിക്കാൻവേണ്ടിയാണ് സഖാവ് നമ്പൂതിരിപ്പാട് പ്രസ്താവന ഇറക്കിയതെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളിപ്പോൾ പറയാൻ തുടങ്ങിയിരിക്കുന്നു, ഇനിയും പറയും. അതുകൊണ്ട് ഒരു കാര്യം ഞാൻ വളരെ വ്യക്തമായി പറയാം. വർഗ്ഗീയവാദിയേക്കാൾ നിരീശ്വരവാദിയാണ് ഏറ്റവും അഭികാമ്യമായ വബന്ധു, യാതൊരു സംശയവുമില്ല. ആ തരത്തിൽ വർഗ്ഗീയവാദികൾ വർഗ്ഗീയം വളർത്തിക്കൊണ്ടുവരുന്നു. ആ വർഗ്ഗീയരാഷ്ട്രീയത്തെ നിലനിറുത്തുന്ന ഒരു ഗവൺമെൻറിനെ താങ്ങിനിറുത്താൻ ധനവിനിയോഗബില്ലിൽ പാസാക്കുന്നതിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങൾക്കുമുമ്പുണ്ടായ രൂക്ഷമായ വെള്ളപ്പൊക്കം കൊണ്ടും മറ്റു നാചുറൽ കലാമിറ്റീസ്കൊണ്ടും ഉണ്ടായ നാശനഷ്ടങ്ങളെ അഭിമുഖീകരിക്കാൻ ഇന്ത്യാ ഗവൺമെൻറ് അനുവദിച്ച സംഖ്യ ചെലവഴിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ധനവിനിയോഗബില്ലുമായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വന്നിട്ടുള്ളത്. മിനിഞ്ഞാന്നു നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വോട്ടെടുപ്പില്ലാതെ പാസാക്കിക്കൊടുത്ത പ്രതിപക്ഷത്തെ ഒരു പ്രമുഖനായ അംഗം ഇന്ന് അത് ദുർവ്വിനിയോഗം ചെയ്യുന്ന ബിൽ എന്നു പറഞ്ഞാൽ അതിൻറെ അർത്ഥം പാസാക്കിക്കൊടുത്തത് ചെലവഴിക്കണ്ട എന്നാണോ? എനിക്ക് മനസ്സിലായില്ല. വളരെ രൂക്ഷമായ ഒരു സാമ്പത്തിക പ്രതിസന്ധിയിൽകൂടിയാണ് ഈ സംസ്ഥാനം കടന്നുപോകുന്നത് എന്നുള്ള വസ്തുത നമുക്ക് എല്ലാവർക്കും അറിയാമെങ്കിലും ബഹുമാനപ്പെട്ട ഹംസ ആദ്യമായി സംസാരിച്ചുകൊണ്ട് അതിൻറെ വിശദാംശങ്ങളിലേക്ക് കടന്നുപോകാതെ കുറച്ച് രാഷ്ട്രീയമായ പ്രഭാഷണങ്ങൾ നടത്തി മുറിഞ്ഞിപ്പോയത് വാസ്തവത്തിൽ ബാലിശമായിപ്പോയി എന്ന് ആമുഖമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ എനിക്ക് വിനയപൂർവ്വമായ ഒരു അപേക്ഷ ഗവൺമെൻറിൻറെ മുമ്പാകെ അവതരിപ്പിക്കാനുള്ളത് ഈ പ്രകൃതികോപംകൊണ്ടുണ്ടായ നാശനഷ്ടങ്ങൾക്ക് സംഖ്യ വീതിക്കുമ്പോൾ സംസ്ഥാനത്തിൻറെ എല്ലാ ഭാഗങ്ങളിലും ആനുപാതികമായി നാശനഷ്ടങ്ങളുടെ കണക്കനുസരിച്ച് വീതിക്കണമെന്നാണ്. മുമ്പ് പല പ്രാവശ്യവും, ഈ ഗവൺമെൻറുള്ളപ്പോൾ മാത്രമല്ല അതിനുമുമ്പുണ്ടായിരുന്ന പല ഗവൺമെൻറുകളുടെ കാലഘട്ടങ്ങളിലും സെൻട്രൽ എയിഡ് റിലീഫിനായാലും ശരി ഫ്ളെഡ്ഡിനായാലും ശരി മറേറതെങ്കിലും കാര്യങ്ങൾക്കായാലും ശരി കിട്ടിയാൽ ഒരു പ്രത്യേകവിഭാഗത്തിനുമാത്രം മുൻഗണന കൊടുക്കുന്ന ഒരു സമ്പ്രദായം ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചിട്ടുണ്ട്. അതു മാറി ഈ സംസ്ഥാനത്തിൻറെ എല്ലാ ജില്ലകളിലും ഉണ്ടായിട്ടുള്ള മാരകമായ നാശനഷ്ടം വിലയിരുത്തിക്കൊണ്ട് അതിൻറെ വലിപ്പച്ചെറുപ്പം നോക്കിക്കൊണ്ട് തുല്യമായി വീതിക്കണം അല്ലെങ്കിൽ ആനുപാതികമായി വീതിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഇന്നലെ ഒരു ബില്ലിൻറെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ശ്രീ. എം.വി. രാഘവനും മറ്റു സുഹൃത്തുക്കളുമെല്ലാം
37 കൊല്ലക്കാലം ഇന്ത്യ കോൺഗ്രസ്സ് (ഐ) ഭരിച്ചിട്ട് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്ന ആളുകളെ രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന ഒരു ആക്ഷേപം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇന്നലേയും മിനിഞ്ഞാന്നുമായി ധാരാളം സ്ഥിതിവിവരക്കണക്കുകൾ ഞാൻ ശേഖരിക്കുകയായിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യാരാജ്യത്തെ ജനസംഖ്യ 36 കോടിയായിരുന്നു. ഇന്ന് അത് 79 കോടിയായി വർദ്ധിച്ചിട്ടുണ്ട്. 36 കോടി ജനങ്ങളുണ്ടായിരുന്ന ഇന്ത്യാരാജ്യം സ്വതന്ത്രമായപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെക്കിടന്ന ഇന്ത്യാരാജ്യത്തിലെ ജനങ്ങളുടെ ശതമാനം 88 ആയിരുന്നു. 88 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെ കിടന്നിരുന്ന ഇന്ത്യാരാജ്യത്തിലെ 36 കോടി ജനങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മേലെ കയറ്റി എന്നുമാത്രമല്ല ഇന്ന് 79 കോടിയായി വർദ്ധിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ 18 കോടി ആളുകളെകൂടി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുപോകാൻ ഇന്ത്യാഗവൺമെന്റിന്റെ നയങ്ങൾക്കു സാധിച്ചു എന്ന അവകാശവാദം ഇവിടെ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിഷേധിക്കാൻ സാധിക്കുമോ എന്നെനിക്കറിയില്ല.

ശ്രീ. സി. വാസുദേവമേനോൻ: ഇന്ത്യാഗവൺമെന്റ് നിശ്ചയിച്ച മോണോപൊളികമ്മീഷൻ നമ്മുടെ രാജ്യത്ത് കോടിക്കണക്കിനുള്ള ജനങ്ങളെ അദ്ധ്വാനിച്ചും പഞ്ചവൽസര പദ്ധതികളെ നടത്തിയും ഉണ്ടാക്കിയിട്ടുള്ള ദേശീയവരുമാനം അവരുടെ കയ്യിലാണെന്ന് പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അത് വേറെ കാര്യമാണ്. അതും ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. 36 കോടി ജനങ്ങളുള്ള ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ദാരിദ്ര്യരേഖയ്ക്ക്താഴെ കിടന്നിരുന്നത് 88 ശതമാനം ആളുകളെ ആയിരുന്നുവെങ്കിൽ 1985–ലെ സ്ഥിതിവിവരക്കണക്കുകളെടുത്തു പരിശോധിച്ചാൽ 79 കോടി ആളുകളെ ഉള്ള ഇന്ത്യാരാജ്യത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെക്കിടക്കുന്ന ആളുകളെ വെറും 36 ശതമാനമാണെന്ന് മനസ്സിലാകും. അത് നേട്ടമാണോ കോട്ടമാണോ എന്ന് ബഹുമാനപ്പെട്ട വാസുദേവമേനോൻ പറഞ്ഞാൽമതി. നമ്മുടെ ഇന്ത്യാരാജ്യത്ത് 1947 മുതൽ 1980 വരെയുള്ള കാലഘട്ടങ്ങളിൽ കഴിഞ്ഞ 37 വർഷക്കാലത്തെ വിദേശേഷി 3.5 ശതമാനമായിരുന്നുവെങ്കിൽ ആറാം പഞ്ചവൽസരപദ്ധതിയിൽ മാത്രം അത് അഞ്ചര ശതമാനമായി വർദ്ധിച്ചു എന്നാണ് കണക്ക്. പശ്ചിമബംഗാളിലെ ധനകാര്യവകുപ്പുമന്ത്രി ശ്രീമാൻ അശോക്മിത്ര ഈ കാര്യം വ്യക്തമായി സമ്മതിച്ചതല്ല എന്ന് നിഷേധിക്കുവാൻ ശ്രീ. വാസുദേവമേനോന് സാധിക്കുമോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇന്ത്യാരാജ്യത്തിന്റെ സ്ഥിതി എന്താണ്? ക്ഷേത്രക്ഷാമത്തിന്റെ കാര്യത്തിൽ 1950–51 കാലഘട്ടങ്ങളിൽ 50 ദശലക്ഷം ടൺ ക്ഷേത്രധാന്യമായിരുന്നു ഇവിടെ ഉൽപ്പാദിപ്പിക്കപ്പെട്ടതെങ്കിൽ 1984–ൽ അത് 150 ദശലക്ഷം ടണ്ണായി വർദ്ധിച്ചു എന്നുള്ളത് നേട്ടമാണോ കോട്ടമാണോ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. 1960–കളിൽ ആറു ദശലക്ഷം ടൺ ക്ഷേത്രധാന്യമായിരുന്നു വിദേശത്തുനിന്നും ഇവിടെ ഇറക്കുമതിചെയ്തതെങ്കിൽ 1984 ആയപ്പോൾ ക്ഷേത്രധാന്യം കയറ്റുമതി ചെയ്യുന്ന ഒരു രാജ്യമായി ഇന്ത്യാരാജ്യം വളർന്നിരിക്കുന്നു എന്നുള്ള കാര്യം നിഷേധിക്കാമോ? 1985 സെപ്റ്റംബർ രണ്ടാംതീയതി പത്രത്തിൽവന്ന വാർത്ത പ്രകാരം 20 ലക്ഷം ടൺ ക്ഷേത്രധാന്യം കയറ്റി അയയ്ക്കുന്നു. അതിൽ അഞ്ചുലക്ഷം ടൺ 1917–ൽ വിപ്ലവം നടത്തി സ്വാതന്ത്ര്യം നേടി

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസം സ്ഥാപിച്ച സോവിയറ്റ് റഷ്യയിലേക്കാണ് കയറ്റി അയച്ചത് എന്ന കാര്യം ബഹുമാനപ്പെട്ട കെ.പി. പ്രഭാകരന് നിഷേധിക്കാൻ സാധിക്കുമോ? രണ്ടു ലക്ഷം ടൺ ക്ഷ്യധാന്യം മുമാനിയായിലേക്കും ഒരു ലക്ഷം ടൺ ക്ഷ്യധാന്യം മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലേക്കും ഭക്ഷ്യസഹായമായി കൊടുക്കാൻ ഇന്ത്യാരാജ്യം പാപ്പ്തമായി എന്നു പറഞ്ഞാൽ അതിന്റെയർത്ഥം ഈ രാജ്യത്ത് ദാരിദ്ര്യമുണ്ട് എന്നുള്ളതല്ല, ദാരിദ്ര്യത്തിൽനിന്ന് മോചിതരായിവരുന്നു എന്നാണ്. ഈ പച്ചപിടിച്ച അന്തരീക്ഷത്തെ വിഷലിപ്തമാക്കാനും അതിനെ വികൃതമായി ചിത്രീകരിക്കാനും പ്രതിപക്ഷത്തുനിന്നും കാണിക്കുന്ന സ്വഭാവത്തെ സൂചിപ്പിക്കാനാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്. നമ്മുടെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 9.75 ദശലക്ഷം ടണ് അരി ഇന്ന് സംഭരിച്ചിരിക്കുന്നു. അത് ഇന്ത്യാരാജ്യത്തെ 37 കൊല്ലക്കാലത്തെ ചരിത്രത്തിൽ ഒരു റെക്കോർഡായി നിൽക്കുകയാണ്. നിഷേധിക്കാൻ സാധിക്കുമോ?

വ്യാവസായികരംഗത്ത് സിമന്റ് 2.7 ശതമാനത്തിൽനിന്ന് 20.7 ദശലക്ഷം ടണ്ണിലേയ്ക്കും അലൂമിനിയം 4 ശതമാനത്തിൽനിന്ന് 200.8 ദശലക്ഷം ടണ്ണിലേയ്ക്കും വൈദ്യുതി മോട്ടോർ 0.1-ൽ നിന്നും 4.4 ദശലക്ഷം ടണ്ണിലേയ്ക്കും വളം 9 ദശലക്ഷം ടണ്ണിൽനിന്ന് 31.44 ദശലക്ഷം ടണ്ണിലേയ്ക്കും ഇന്ത്യാരാജ്യം ഉയർന്നു എന്നു പറഞ്ഞാൽ അതിനെ നിഷേധിക്കാൻ അപ്പുറത്തിരിക്കുന്നവർക്ക് സാധിക്കുമോ എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. 37 കൊല്ലക്കാലംകൊണ്ട് ഇന്ത്യാരാജ്യത്ത് കോൺഗ്രസ് ഗവൺമെന്റ് ഉണ്ടാക്കിയ പദ്ധതികളുടെ ഫലമായി ഉരുക്ക് സമൃദ്ധമായി ഉണ്ടാക്കുന്നു, തുണി കെട്ടിക്കിടക്കുന്നു. രണ്ടായിരാമാണ്ട് ആകുമ്പോഴേക്കും നമുക്കാവശ്യമായ പെട്രോളിയം ഉൽപ്പന്നങ്ങളുണ്ടാക്കാനുള്ളസംവിധാനം പൂർത്തിയാകും. 2,000 ദശലക്ഷം വിദഗ്ദ്ധൻമാരെ സൃഷ്ടിക്കാൻ സാധിച്ചിരിക്കുന്നു. ആയിരത്തോളം ദശലക്ഷം വിദഗ്ദ്ധ ചെറുപ്പക്കാരെ വാർത്തെടുക്കാൻ നമുക്ക് സാധിച്ചിരിക്കുന്നു എന്നുള്ള വസ്തുത മറച്ചുവെച്ചുകൊണ്ട് 36 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്നു എന്നുള്ളതുമാത്രം ആവർത്തിച്ചുപറയുന്നതിന്റെ പിന്നിലുള്ള ചേതോവികാരം, ബാലിശമായ രാഷ്ട്രീയവികാരമല്ലാതെ മറ്റെന്താണെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു.

ഇനി കേരളത്തെ സംബന്ധിച്ചെടുക്കാം. കേരള സംസ്ഥാനത്തിൽ 1980-81 കാലഘട്ടങ്ങളിൽ 50,021 ലക്ഷം രൂപ ഡെവലപ്മെന്റ് എക്സ് പെൻഡിച്ചറിനുവേണ്ടി ചെലവഴിച്ചു. 1981-82-ൽ 55,240-ഉം 1982-83-ൽ 56,051-ഉം, 1983-84-ൽ 69,948-ഉം ദശലക്ഷവും 1984-85-ൽ 82,934 ലക്ഷം രൂപയും ചെലവഴിച്ചുവെന്നു പറഞ്ഞാൽ അത് വികസനമാണോ അതോ വികസനത്തിനെതിരാണോയെന്നു പറയുവാൻ ഞാൻ അപ്പുറത്തിരിക്കുന്നവരെ വെല്ലുവിളിക്കുന്നു.

മറ്റൊരുകാര്യം ഐ.ആർ.ഡി.പി. ലോണിനെ സംബന്ധിച്ചാണ്. ലോൺ കൊടുത്തവകയിൽ നമ്മുടെ 4.4 ലക്ഷം കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് ആധികാരികമായി ഗവൺമെന്റ് ഈ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 6-ാം പഞ്ചവൽസര പദ്ധതിയിൽ 25 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വികസനത്തിൽ വർദ്ധനവ് കൊടുക്കുവാൻ ഈ ഗവൺമെന്റിനു സാധിച്ചുവെന്നുള്ളത് നേട്ടമാണെങ്കിൽ ആ നേട്ടത്തിന്റെ പട്ടികനിരത്തി വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനുപകരം എന്തെങ്കിലും രാഷ്ട്രീയം പറഞ്ഞുകൊണ്ട് തടിതപ്പാനാണ് നിങ്ങൾ ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാചകം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ന്യൂനപക്ഷങ്ങളെ സംബന്ധിച്ചും ശരിയത്തിനെ സംബന്ധിച്ചുമൊക്കെ ഇവിടെ പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് പ്രഖ്യാപിതമായ ചില നയങ്ങളുണ്ട്. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചയുടനെതന്നെ ചെങ്കോട്ടയിൽവച്ചു ചെയ്ത സുപ്രധാനമായ ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:

Eqnal respect for all fith and equal opportunities for all those who prefers any faith.....
കൂടാതെ As India is a secular State. Every citizen has the same duties, rights, priveleges, and objections as any other.....
He has full freedom to profess and practice his religion.....
അപ്പോൾ ശരിയത്തിനെസംബന്ധിച്ചോ വർഗ്ഗീയ ചിന്താഗതിപ്പുകൾ ശക്തികളെ സംബന്ധിച്ചോ ഞങ്ങൾക്കെതിരെ ആരോപണങ്ങളോ രാഷ്ട്രീയമോ പറയേണ്ട കാര്യമില്ല. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് ഈ സംസ്ഥാനത്തുണ്ടായിട്ടുള്ള രൂക്ഷമായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാൻവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വെള്ളപ്പൊക്കദുരിതാശ്വാസത്തിന് 95 കോടി രൂപ ചെലവഴിക്കുന്നതിലുള്ള എതിർപ്പല്ല സർ. അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിയിട്ടുള്ള ഒരു ഗവൺമെന്റിന്റെ കൈയിലാണ് ഈ 95 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള അധികാരം ഏൽപ്പിക്കുവാൻ പോകുന്നത്. അഡീഷണലായിട്ടായാലും ഇതിനുമുമ്പ് വരൾച്ചയ്ക്കു കിട്ടിയ 43 കോടി രൂപ എങ്ങനെ ചെലവഴിച്ചുവെന്നുള്ളതിനെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഈ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അവരുടെ കൈകളിലാണ് 'യുദ്ധകാലാടിസ്ഥാനത്തിൽ' ഇതൊക്കെ വിനിയോഗിക്കാൻവേണ്ടി ഏൽപ്പിക്കുവാൻ പോകുന്നത്. അതുകൊണ്ട് അതിനോടുള്ള പ്രതിഷേധംകൊണ്ടാണ് ഇതിനെഎതിർക്കുന്നത്. സമയം വളരെകുറവായതുകൊണ്ട് ഒരുകാര്യം വ്യക്തമാക്കാനാണ് ഈയവസരം ഞാൻ ഉപയോഗിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ. മാരേയും പൊതുജനദൃഷ്ടിയിൽ അപഹാസ്യമായ രീതിയിൽ, അവഹേളിക്കുന്ന രീതിയിൽ ഈ അടുത്തദിവസങ്ങളിൽ നിരവധി പത്രറിപ്പോർട്ടുകൾ ഇവിടത്തെ പ്രമുഖ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ദരിദ്രമായ ഈ സംസ്ഥാനത്ത് എം.എൽ.എ. മാർക്കുവേണ്ടി മൂന്നുലക്ഷം രൂപയുടെ വീടു നിർമ്മിച്ചുകൊടുക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കിയിരിക്കുന്നു. 3 ലക്ഷം രൂപ വീതം 141 എം.എൽ.എ. മാർക്കും വീടുവയ്ക്കാൻവേണ്ടി 4.23 കോടി രൂപ ചെലവഴിക്കാൻ ഗവൺമെന്റ് തീരുമാനിക്കാൻ പോകുന്നു. അതിന്റെ ക്യാബിനറ്റ് നോട്ട് സർക്കുലേറ്റ് ചെയ്തു കഴിഞ്ഞിരിക്കുന്നു എന്ന രീതിയിലാണ് പത്രറിപ്പോർട്ട് വന്നിരിക്കുന്നത്. ഈ സംസ്ഥാനത്ത് വിവിധ ഭവനനിർമ്മാണ പദ്ധതികളുണ്ട്. ആ ഒരു പദ്ധതിയിലും പെട്ടതല്ല ഇത്. ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണപദ്ധതിയ്ക്ക് 7 ശതമാനം പലിശയാണ്. ദരിദ്രവിഭാഗമായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നാലുശതമാനമാണ് പലിശ. അതിനേക്കാൾ കുറഞ്ഞ മൂന്നുശതമാനം പലിശയും മറ്റ് സൗജന്യങ്ങളും എം.എൽ.എ. മാർക്കു കൊടുക്കാൻപോകുന്നുവെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് ചെയ്തു കാണുന്നത്. ഗവൺമെൻറ് ഇതിൻെറ നില എന്താണെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. അതിൻെറ പേരിൽ എം.എൽ.എ. മാരെ മുഴുവൻ തന്നെ പരിഹസിച്ചുകൊണ്ട്, സംസ്ഥാനത്തെ ഏറ്റവും വലിയ ദരിദ്രരെന്ന് ചിത്രീകരിച്ചുകൊണ്ടുള്ള കാർട്ടൂണുകളും പത്രറിപ്പോർട്ടുകളും വന്നുകഴിഞ്ഞു. എന്താണ് സർ ഈ പദ്ധതി? ഈ നിയമസഭയിൽ മുഴുവൻ ആളുകളും വീടില്ലാത്തവരാണോ? വളരെ അപൂർവ്വം ആരെങ്കിലും വീടില്ലാത്തവരുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങനെയുണ്ടെങ്കിൽ ഈ സംസ്ഥാനത്തുതന്നെ മറ്റ് സാധാരണ പൗരൻമാർക്ക് വിവിധ തരത്തിൽ വീടുനിർമ്മിക്കുന്നതിന് നിരവധി പദ്ധതികളും ഹൗസിംഗ് ബോർഡിൻെറ കീഴിലുണ്ട്. അതനുസരിച്ചുള്ള സൗജന്യങ്ങളും സഹായങ്ങളും ഏർപ്പെടുത്തണം. അതല്ലാതെ എം.എൽ.എ. മാരെ ഒരു പ്രത്യേക വർഗ്ഗമായി കണ്ടുകൊണ്ട് ഒരു ഭവനനിർമ്മാണ പദ്ധതികൊണ്ടുവരുന്നതിനെ ഞാൻ ശക്തമായി എതിർക്കുന്നു. പ്രത്യേകിച്ച് നമ്മുടെ കേരള സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെയപേക്ഷിച്ച് ഏറ്റവും താഴെക്കിടയിലുള്ള, സാധാരണനിലവാരത്തിലുള്ള ആളുകളുടെയിടയിൽ നിന്നു വരുന്നവരാണ് ഈ നിയമസഭയിലെ ഭൂരിപക്ഷം മെമ്പർമാരും. അവരെ മുഴുവനും മൂന്നുലക്ഷത്തിൻെറ ദന്തഗോപുരങ്ങളിൽകൊണ്ടുവന്ന് കുടിയിരുത്തുവാനുള്ള ഈ സംരംഭം ശരിയല്ല. ജനപ്രതിനിധികളായിട്ടുള്ള എം.എൽ.എ. മാരെ നമ്മുടെ നാട്ടിലെ വോട്ടർമാർക്കിടയിൽ, ജനങ്ങൾക്കിടയിൽ അപഹാസ്യരാക്കിത്തീർക്കുവാൻ മാത്രമേ ഇത് പ്രയോജനപ്പെടുകയുള്ളൂ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഇതിനകത്ത് ആവശ്യമുള്ളവർ ലോൺ എടുത്താൽമതിയെന്നുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കിക്കൊണ്ടുള്ളതാണ് ഈ പദ്ധതി. 7 ശതമാനം പലിശയെന്നാണ് എനിക്ക് തോന്നുന്നത്. ആവശ്യമുള്ളവർ എടുത്താൽപോരെ. മൊത്തത്തിലെന്തിനാണ് പറയുന്നത്. ആവശ്യമുള്ളവർ എടുക്കട്ടെ, വേണ്ടാത്തവർ എടുക്കണ്ട. ധനകാര്യസ്ഥാപനങ്ങളിൽ നിന്നു ലഭ്യമാക്കുന്ന വായ്പ തിരിച്ചടയ്ക്കണം.

ശ്രീ. കെ.പി. പ്രഭാകരൻ: ഈ സഭയിൽ ഇങ്ങനെ ഒരു പദ്ധതിയുള്ളതായി, അല്ലെങ്കിൽ ഇതിനുവേണ്ടി ബഡ്ജറ്റിൽ എന്തെങ്കിലും പ്രൊവിഷൻ ഉള്ളതായി ഇതുവരെ പറഞ്ഞിട്ടില്ല.

ശ്രീ. കെ.എം. മാണി: 1985–86–ലെ ബഡ്ജറ്റിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ: പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരിക്കും. 141 എം.എൽ.എ. മാർക്ക് മൂന്നുലക്ഷം രൂപവീതം, വീടു വയ്ക്കാൻ കൊടുക്കാനായിട്ടുള്ളതാണ് ഇപ്പോൾ കൊണ്ടുവരുന്ന പദ്ധതി. മൂന്നുശതമാനമാണ് പലിശ, നമ്മുടെ സംസ്ഥാനത്ത് ദരിദ്രരിൽ ദരിദ്രരായവർക്കുപോലും അനുവദിക്കാത്ത അത്രയും കുറഞ്ഞ പലിശയ്ക്ക് പണം കൊടുക്കുന്ന പദ്ധതിയെക്കുറിച്ച് ഇതുവരെ സഭയിൽ പറഞ്ഞിട്ടില്ല. പറയാത്തകാര്യത്തെപ്പറ്റി എന്നോടുചോദിച്ചാൽ ഞാൻ എങ്ങനെയാ പറയുക? എൻെറ മുമ്പിൽ പത്രറിപ്പോർട്ടു മാത്രമേയുള്ളൂ. അതിനുത്തരവാദപ്പെട്ട മന്ത്രിമാർ ഇക്കാര്യം സഭയിൽ വ്യക്തമാക്കണം. എം.എൽ.എ. മാർക്ക് പ്രത്യേകമായിട്ട് എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഏർപ്പെടുത്തുമ്പോൾ അത് പാർട്ടിനേതാക്കൻമാരുമായിട്ട് ആലോചിക്കണം. പൊതുവായിട്ടുള്ള അഭിപ്രായം ആരായണം. അത്തരത്തിൽ യാതൊന്നും പാർട്ടി നേതാക്കൻമാരുമായി ചർച്ചചെയ്തിട്ടില്ല. പൊതുവായിട്ടുള്ള അഭിപ്രായം രൂപീകരിച്ചിട്ടില്ല. ഇവിടെ വീടില്ലാത്ത പാവപ്പെട്ടവരിലെണ്ണാവുന്നവർ കണ്ടേയ്ക്കാം. അങ്ങനെയുണ്ടെങ്കിൽ മൂന്നു ലക്ഷത്തിന്റെ ഒരു പദ്ധതിയുണ്ടാക്കിവച്ചാൽ അതിൽ നാലാം വാങ്ങിയാലും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ എം.എൽ.എ. മാരെ മുഴുവനും മൂന്നുലക്ഷം രൂപയുടെ സൗജന്യം പറ്റിയവരായിട്ടാണ് ജനങ്ങൾ കാണുക. ധനകാര്യ സ്ഥാപനങ്ങളിൽനിന്നായാലും എവിടെ നിന്നായാലും ജനങ്ങൾ അതാണ് ധരിക്കുക. പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കുപോലുമില്ലാത്ത ഒരു സൗജന്യമാണിത്. ലക്ഷക്കണക്കിനാളുകൾ തലചായ്ക്കാനിടമില്ലാതെ പുറമ്പോക്കുകളിലും പീടികത്തിണ്ണകളിലും കഴിഞ്ഞുകൂടുന്ന നമ്മുടെ സംസ്ഥാനത്ത്, സാധാരിക്കാരുടെയിടയിൽ നിന്നുവരുന്ന ഈ ജനപ്രതിനിധികൾക്ക് ഒന്തഗോപുരങ്ങൾ കെട്ടുന്നതിനുള്ള ശ്രമം ഗവൺമെന്റ് ഉപേക്ഷിക്കണം. അത്തരം പദ്ധതികൾ കൊണ്ടുവരുന്നതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞതിൽ എനിക്കു ഒരു ആക്ഷേപമുണ്ട്. പത്രറിപ്പോർട്ടിൽ എന്ത് എഴുതിയാലും അതിന്റെ സത്യസ്ഥിതി എന്താണെന്നു മനസ്സിലാക്കാതെ നിയമസഭയിൽ വന്നിരുന്ന് ഈ രീതിയിൽ പ്രസംഗിച്ച് ജനങ്ങൾക്കിടയിൽ എം.എൽ.എ. മാരെ മോശമാക്കിക്കാണിക്കരുതെന്നാണത്. ഞാൻ അന്വേഷിച്ചു. നിയമസഭയുടെ ഹൗസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നുലക്ഷം രൂപവരെ വേണമെന്നുള്ള അംഗങ്ങൾക്ക് 7 ശതമാനം പലിശയോടുകൂടി ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഹഡ്കോയുടെ സഹായത്തോടുകൂടി ലോൺ കൊടുക്കാം. അത് ഒന്ന് ചാനലൈസ്ചെയ്യുകയെന്നതു മാത്രമാണ് ഗവൺമെന്റ് ചെയ്യുന്നത്. എന്തുപറഞ്ഞാലും ആക്ഷേപിക്കുന്ന സി.പി.ഐ.യിലെ പാർട്ടിക്കാർ ഇതും ഇതിലപ്പുറവും പറയും. അത് ഒരു പത്രത്തിൽ എഴുതിപ്പോയി മൂന്നുശതമാനമാണ് പലിശയെന്ന്. ഹഡ്കോയുടെ തീരുമാനം 7 ശതമാനം പലിശയെന്നാണ് സർ, ഞാൻ മനസ്സിലാക്കുന്നത്. ഹൗസ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് സർ, ഇത്. അത് ഈ നിയമസഭയിൽ വന്നിരുന്നു പറഞ്ഞാൽ ഈ എം.എൽ.എ. മാർക്കെല്ലാം നാണക്കേടാകും. അങ്ങയെപ്പോലെ ഉന്നതനായ ഒരു നേതാവ് ഇത്തരം നാണംകെട്ടരീതിയിൽ അപഹാസ്യമായരീതിയിൽ സംസാരിക്കുന്നതിൽ എനിക്ക് അപമാനം തോന്നുന്നു സർ. അത്രമാത്രമേ എനിക്ക് അതേപ്പറ്റിപറയുവാനുള്ളൂ. എന്തൊരു നാണക്കേടാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: നിയമസഭ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ള ഹൗസ് കമ്മിറ്റിയിൽ ഈ പ്രശ്നം ചർച്ചചെയ്യുകയും അങ്ങനെ വീടില്ലാത്ത എം.എൽ.എ. മാർക്ക് വീട് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 50,000 രൂപ മുതൽ രണ്ടുലക്ഷം രൂപവരെ ഞങ്ങൾ റെക്കമൻറ് ചെയ്തിരുന്നു. നാല് സ്ലാബായിട്ട്. അതിനുള്ള പലിശ സാധാരണ കൊടുക്കുന്ന വിധത്തിലുള്ള പലിശയാണ് ഇതിന് അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത്. ഈ കമ്മിറ്റിയുടെ റെക്കമെ

LIBRARY ARCHIVES Kerala Legislative Assembly

ന്റേഷൻ അനുസരിച്ചാണ് ബഡ്ജറ്റു പ്രസംഗത്തിൽ അത് വന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി ഒരു സ്കീം തയ്യാറാക്കിയിരിക്കുകയാണ്. ആ സ്കീം ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞ പ്രകാരം ഉള്ള ഒരു സ്കീമല്ല. ഈ വസ്തുത ബഹുമാനപ്പെട്ട പി.സി. ജോർജിന് അറിയാമോ?

ശ്രീ. പി. സി. ജോർജ്: ഇതിനും അതീതമായി, അങ്ങയുടെ നേതാവ് കഴിഞ്ഞ നായനാർ ഗവൺമെന്റിൽ മന്ത്രിയായിരുന്ന പ്പോഴാണ് എം.എൽ.എ. മാരുടെ വീടിന്റെ പ്രൊപ്പോസൽ തന്നെ ആദ്യം വന്നത്. ഇത് മനസ്സിലാക്കാതെ ഇവിടെ വന്നുനിന്ന് പ്രസംഗിക്കുകയാണ്. സത്യം നിഷേധിക്കുന്ന നാണംകെട്ട പരിപാടി നിങ്ങളാണ് നിർത്തു. ഈ ബില്ലിനെ അനുകൂലിക്കുമ്പോഴാണ് ഒരു കാര്യം ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ ഒന്നൊന്നര മാസക്കാലമായിട്ട് കേരള കോൺഗ്രസ്സുകാർക്ക് ഇവിടെ ജീവിക്കാൻ മേലാ, എന്തു പറഞ്ഞാലും ബുദ്ധിമുട്ടുകളാണ്. ശ്രീ. രാഘവൻ സംസാരിക്കുമ്പോഴും ഇവിടെ ഭരണവും പ്രതിപക്ഷവുമില്ലാതെ കേരളാ കോൺഗ്രസ്സിനെതിരെ ചെളിവാരിയെറിയാൻ ഒരു പറ്റം ഇവിടെ ഇറങ്ങിയിരിക്കുകയാണ്. വ്യക്തമായ നയവും കാഴ്ചപ്പാടും അതുപോലെ പരിപാടികളുമായിട്ടാണ് ഞങ്ങളാണ് ഈ മുന്നണിയിൽ കൂടിയിരിക്കുന്നത്. ഞങ്ങളുടെ പരിപാടിയും ലക്ഷ്യവും ഉറപ്പിക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകാൻ ഈ മുന്നണിക്ക് കഴിയുമെന്ന് ഞങ്ങൾക്ക് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഈ മുന്നണിയുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾ പോകുന്നത്. ഞങ്ങളുടെ പാർട്ടിയുടെ വ്യക്തിത്വം ബലി കഴിച്ചുകൊണ്ട് ഒരു നിമിഷംപോലും ഒരു മുന്നണിയുമായും ബന്ധപ്പെട്ടു പോകുവാൻ കേരളകോൺഗ്രസ്സിനെ കിട്ടുകയില്ല. 1982-ൽ ഈ മുന്നണി ഉണ്ടാക്കിയത് വ്യക്തമായ ചില ഉദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. കേരളം ജനാധിപത്യവിരുദ്ധ ശക്തികളുടെ കൈയിൽ അമർന്നുപോകരുത് എന്ന് കേരളകോൺഗ്രസ്സിന് നിർബന്ധമുണ്ടായിരുന്നതുകൊണ്ട് ഐക്യജനാധിപത്യമുന്നണിക്ക് അനുകൂലമായ തീരുമാനമുണ്ടാക്കുന്നതിന് കേരള കോൺഗ്രസ് ശ്രമിച്ചു; ജനങ്ങൾ അത് അംഗീകരിച്ചു. ജനം അങ്ങനെ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് കരുണാകരൻ ഗവൺമെന്റ് ഈ രാജ്യത്ത് അധികാരത്തിൽ വന്നിരിക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം, കേരളത്തെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും മുഖ്യമായ പ്രശ്നമെന്നു പറയുന്നത് കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഈ മുന്നണിക്ക് കഴിവ് ഉണ്ടായിരിക്കണമെന്നുള്ളതാണ്. ഇതിൽ വിട്ടുവീഴ്ചയുടെ പ്രശ്നമില്ല. ഈ മുന്നണിയുടെ ഉരകല്ലായി കേരള കോൺഗ്രസ് കാണുന്നത് അതുതന്നെയാണ്. അതുപോലെതന്നെ ദേശീയ പാർട്ടികൾ—ഇവിടെ കുറെ ദേശീയപാർട്ടികൾ ഉണ്ട്, എല്ലാ പാർട്ടികളും ദേശീയ പാർട്ടികളാണ്. സംസ്ഥാന പാർട്ടികളെന്ന് പറയുമ്പോൾ ബുദ്ധിമുട്ടാണ്. ഈ ദേശീയ പാർട്ടികൾ സംസ്ഥാന പാർട്ടിയായ കേരള കോൺഗ്രസ്സിന്റെ പിറകേ ചില ആവശ്യങ്ങൾക്കു വേണ്ടി വരികയും അത് കഴിയുമ്പോൾ പതുക്കെ തൊഴിച്ചുകളയാമെന്നു വിചാരിക്കുകയും ചെയ്യുന്നത് അപകടമാണ്. കേരളത്തിലെ നിർണ്ണായക ശക്തിയായി വളർന്നിരിക്കുന്ന കേരളകോൺഗ്രസ്സിനെ തൊഴിച്ച് പുറത്താക്കാമെന്നൊന്നും ആരും ചിന്തിക്കേണ്ട. ശ്രീ. രാഘവൻ ഇവിടെ പറയുന്നതു കേട്ടു ഞങ്ങൾ ഈ മുന്നണിയിൽ നിന്ന് വിട്ടാലും നിങ്ങൾക്ക് വേണ്ടതെയെന്ന്. ശ്രീ. രാഘവൻ എ

LIBRARY ARCHIVES Kerala Legislative Assembly

വിവരക്കേടാണ് ഇവിടെ പറയുന്നത്? കേരളാകോൺഗ്രസ് ഈ മുന്നണി വിടുന്ന സാഹചര്യം ഉണ്ടായാൽ ശ്രീ. നായനാരുടെ കസേരയിലേക്ക് ശ്രീ. കെ.എം. മാണിയോ, ശ്രീ. പി.ജെ. ജോസഫോ വരുന്ന സാഹചര്യം ഉണ്ടാകുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? നിങ്ങളുടെ കൂട്ടത്തിൽ കൂടുന്ന പ്രശ്നമേയില്ല, നിങ്ങളെ ഞങ്ങളുടെ കൂട്ടത്തിൽ കൂട്ടണമോ എന്ന് ഞങ്ങൾ ചിന്തിക്കും. അതിനപ്പുറത്തുള്ള പ്രശ്നങ്ങളില്ല. ഇവിടെ പറയുമ്പോൾ നിങ്ങൾ നിങ്ങളുടെ കൂട്ടത്തിൽ കൂട്ടുകയില്ല എന്നാണ് പറയുന്നത്. ഞങ്ങൾക്ക് അങ്ങനെയുള്ള ഗതികേടൊന്നും ഉണ്ടായിട്ടില്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇൻഡ്യയെ (ഭാരതത്തെ) നശിപ്പിക്കുവാൻ, ശിഥിലീകരിക്കുവാൻ വിദേശചാരൻമാർ ഈ രാജ്യത്ത് ഇറങ്ങിയിട്ടുണ്ട്. സി.ഐ.എ. പോലുള്ള വിദേശ ചാരൻമാർ ഈ രാജ്യത്തിറങ്ങി എല്ലാ ദേശീയ പാർട്ടികളിലേയും നേതാക്കൻമാരെ ചാക്കിട്ടു പിടിച്ചുകൊണ്ട് അവരിലൂടെ ദേശീയ വിരുദ്ധനയം പ്രചരിപ്പിക്കുവാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ ശ്രീ. രാഘവനോട് ചോദിക്കുകയാണ് കഴിഞ്ഞ 9-ാം തീയതി സെൻട്രൽ ഇൻറലിജൻസിന്റെ തിരുവനന്തപുരത്തുള്ള ഗസ്റ്റ് ഹൗസിൽ ശ്രീ. നാരായണനെ കാണാൻ ശ്രീ. രാഘവൻ എന്തിനാണ് പോയത്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും സി.ഐ.എ.-ക്ക് കിട്ടിയിരിക്കുന്ന ഏറ്റവും വലിയ ചാരനാണ് ശ്രീ. രാഘവൻ. എന്നിട്ട് ശ്രീ. രാഘവൻ പറയുകയാണ് ഞങ്ങൾ ഭീഷണിപ്പെടുത്തി എന്ന്. അത് ശ്രീ. രാഘവന്റെ മനസ്സിലിരുന്നാൽ മതി. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് സി.ഐ.എ. ചാരൻമാരെ വാർത്തെടുത്തിരിക്കുന്നു. ശ്രീ. രാഘവനാണ് അത് എന്നു ഉറപ്പിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നിട്ട് ഇവിടെ വന്ന് ആരോപണം ഉന്നയിക്കുകയാണ്. അതുകൊണ്ട് കേരള കോൺഗ്രസ്സിനെ ഭീഷണിപ്പെടുത്തുവാൻ ആരും ശ്രമിക്കരുത് എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഒരിക്കൽ കൂടി ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഇങ്ങനെ ഒരു കൂട്ടുത്തരവാദിത്വവും പരസ്പരധാരണയുമില്ലാത്ത മന്ത്രിമാരും മന്ത്രിസഭയും ഇന്നുവരെ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. കേരളത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ കാണാൻ കഴിയും മന്ത്രിമാർ തമ്മിൽ യാതൊരു പരസ്പര ധാരണയും കൂട്ടുത്തരവാദിത്വവും ഒന്നും വച്ചുപുലർത്തുന്നില്ല എന്ന്. ഈ ഗവൺമെന്റ് ജനങ്ങളുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ നിയമസഭയിൽത്തന്നെ പല പ്രാവശ്യവും ഉന്നയിച്ചിട്ടുള്ള കാര്യമാണ് കേരകർഷകരുടെ തകർച്ച. പത്തിരുപതു ലക്ഷത്തോളം ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്ന, തെങ്ങുള്ള കേരകർഷകർ ഇന്ന് തകർന്നിരിക്കുന്നു, നെൽകൃഷിക്കാർ തകർച്ചയുടെ വക്കിലെത്തിയിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയുടെ മേഖല തകർക്കപ്പെട്ടിരിക്കുന്നു. ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾ ഇന്ന് അർദ്ധപട്ടിണിയിൽ കഴിഞ്ഞുകൂടുകയാണ്; ഇവയാണ് നമ്മുടെ സ്വസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളും ഇന്നും സമരത്തിലാണ്. അവരുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിലെ ചില പരിപാടികൾ കാണിച്ചുകൊടുക്കാൻ അദ്ദേഹത്തെ പൂന്തുറയിൽ കൊണ്ടുപോയി. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്കുവേണ്ടി ചെയ്ത കാര്യങ്ങൾ പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്താനാണ് അദ്ദേഹം കൊണ്ടുപോയത്. അവിടെ ഉണ്ടായ കാര്യങ്ങൾ ഞാൻ ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം വടി കൊടുത്ത് അടി മേടിക്കുകയാണുണ്ടായത്. അവിടെ പ്രധാനമന്ത്രി കണ്ട കാഴ്ചകൾ എന്തായിരുന്നു എന്ന് നമുക്കൊക്കെ അറിയാം. അദ്ദേഹം പിന്നെ ചെയ്തത് ഈ രാജ്യത്തെ ഹരിജനക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി പല ശ്രമങ്ങളും നടത്തുകയാണ്. ഇവിടെ ഹാർവ്വിപുരം ഹരിജൻ കോളനിയിൽ അദ്ദേഹത്തെ കൊണ്ടുപോയി, അട്ടപ്പാടിയിൽ കൊണ്ടുപോയി, എന്താണ് ഈ സംസ്ഥാനത്തെ ഹരിജനങ്ങളുടെ സ്ഥിതി? ഇവിടെ ശ്രീ. കുട്ട്യാലി 6-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഹരിജനങ്ങൾക്കുവേണ്ടി ചെയ്ത കാര്യങ്ങളൊക്കെ പ്രതിപാദിച്ചു. എന്താണ് ഈ സംസ്ഥാനത്തെ സ്ഥിതി? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, മുഖ്യമന്ത്രി ഹരിജനക്ഷേമവകുപ്പ് കൈകാര്യം ചെയ്തു തുടങ്ങിയതിനുശേഷം കോടിക്കണക്കിന് രൂപ ലാപ്സാക്കിക്കൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽത്തന്നെ വർഷംതോറും കോടിക്കണക്കിന് രൂപ ലാപ്സാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി സാമൂഹ്യവികസനവകുപ്പുവഴി നടത്തിക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളിൽ ഇന്ന് അഴിമതിയും ധൂർത്തും കൊള്ളയും വെട്ടിപ്പും നടമാടുകയാണ്. ഇത് കണ്ടിട്ടും കണ്ടില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നടിക്കുകയാണ്. അഴിമതി നടത്തുന്നവരുടെ പേരിൽ, ഹരിജനങ്ങളെ ചൂഷണം ചെയ്യുന്നവരുടെ പേരിൽ യാതൊരു നടപടിയും ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. ഇവിടെ ഒന്നും നടക്കുന്നില്ല. ആകെ നടക്കുന്നത് ഇരുപതിന സാമ്പത്തിക പരിപാടിയുടെ അടിസ്ഥാനത്തിലുള്ള കുറേ മുച്ചീട്ടുകളി മാത്രമാണ്, വേറെ യാതൊന്നും ഇവിടെ നടക്കുന്നില്ല.

ഞാൻ ഹരിജനക്ഷേമവകുപ്പു കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഈ വകുപ്പു കൈകാര്യം ചെയ്തതിനുശേഷം ഈ സംസ്ഥാനത്തെ ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള അഴിമതിയെ സംബന്ധിച്ചും വെട്ടിപ്പിനെ സംബന്ധിച്ചും ധൂർത്തിനെ സംബന്ധിച്ചും ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകേണമെന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇതെങ്കിലും ചെയ്യണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മുഖ്യമന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്. ഈ രാജ്യത്തെ അടിസ്ഥാനവർഗ്ഗക്കാരായ അധഃസ്ഥിത വർഗ്ഗക്കാരായ ഹരിജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കുവേണ്ടി നൂതനങ്ങളായ ഒരു പരിപാടിക്കും ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. കഴിഞ്ഞ മുപ്പത്-മുപ്പത്തെട്ട് വർഷക്കാലമായി ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞുകൂടുന്ന കേരളത്തിലെ 22 ലക്ഷത്തോളം വരുന്ന ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി നൂതനങ്ങളായ ഒരു പരിപാടിയും ഈ ഗവൺമെൻറ് തയ്യാറാക്കുന്നില്ല, തയ്യാറാക്കിയിട്ടില്ല, അത് നടപ്പിലാക്കാൻ തയ്യാറാകുന്നുമില്ല അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ധനവും അധികാരവും സത്യസന്ധവും നീതിബോധത്തോടുംകൂടി ഉപയോഗപ്പെടുത്തണമെന്നുള്ള അഭ്യർത്ഥനയും അതോടൊപ്പംതന്നെ ഭരണയന്ത്രം ദുഷിച്ചു പോകുന്നതിനെക്കുറിച്ച് നിതാന്തജാഗ്രത പാലിക്കണമെന്ന അപേക്ഷയും ആമുഖമായി പറഞ്ഞുകൊണ്ട് ചില വസ്തുതകൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭരണയന്ത്രം ദുഷിക്കുന്നതിനെ സംബന്ധിച്ച്, കേരളം കണ്ട ഏറ്റവും വലിയ നിയമജ്ഞനായ അഡ്വക്കേറ്റ് ശ്രീ. ഈശ്വര അയ്യർ അദ്ദേഹത്തിൻെറ ഒരു ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് ഉദ്യോഗസ്ഥൻമാർ I am safe എന്ന ഒരു ബോധം എല്ലാ അർത്ഥത്തിലും ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ് ഭരണതന്ത്രം ദുഷിക്കുന്നതിൻെറ ആദ്യലക്ഷണമെന്നാണ്. വളരെ വിനീതമായി എനിക്ക് പറയാനുള്ളത് ഉദ്യോഗസ്ഥൻമാർ ചെയ്യുന്ന എന്ത് തെറ്റും പട്ടിൽപ്പൊതിഞ്ഞ് പ്രദർശിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകരുത് എന്നാണ്. തെറ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ തെറ്റ് തെറ്റായി കാണാൻ ഗവൺമെൻറിന് സാധിക്കണം. ഞാൻ ഇതു പറയാൻ കാരണം ഇന്ന് കാലത്ത് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയെ തെറ്റ് ചെയ്ത ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചിട്ടുള്ളത് മാവൂരിലെ തൊഴിലാളികൾ ഉദ്യോഗസ്ഥൻമാരെ തടഞ്ഞുവച്ച് ദേഹപരിശോധന നടത്തുന്നു, സ്ത്രീകളെ അസഭ്യം പറയുന്നു, മറ്റ് വിധത്തിലുള്ള ഉപദ്രവങ്ങൾ ചെയ്യുന്നു എന്നൊക്കെയാണ്. തൊഴിലാളികളെ വൈക്കോൽ തല്ലുന്നതുപോലെ തല്ലിയിട്ട് അതിൻെറ പുറമേ എന്തിന് ഈ ആരോപണങ്ങൾകൂടി ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് ചെയ്തു? ഞാൻ ചോദിക്കുകയാണ് മാവൂരിലെ തൊഴിലാളികൾ പൂവാലൻമാരാണോ? മാവൂരിലെ തൊഴിലാളികൾ ആക്രമിക്കുന്നവരാണ്; മാവൂരിലെ തൊഴിലാളികൾ കലാപം ഉണ്ടാക്കുന്നവരാണ് എന്ന് പറഞ്ഞ് തങ്ങൾ ചെയ്തിട്ടുള്ള തെറ്റിനെ ന്യായീകരിക്കാൻ വേണ്ടി ഗവൺമെൻറിന് തെറ്റായിട്ട് റിപ്പോർട്ട് ചെയ്യുകയാണ് ഉദ്യോഗസ്ഥൻമാർ ചെയ്തിട്ടുള്ളത് എന്ന് ഞാൻ പറയുന്നു. മാവൂരിലെ തൊഴിലാളികൾ അങ്ങനെ ഒരു കുഴപ്പം അവിടെ ഉണ്ടാക്കിയിട്ടില്ല. ഒരു എളിയ നിയമസഭാ സാമാജികൻ എന്നതിനുപരി ഞാൻ അവിടത്തെ സമരസമിതിയിലെ ഒരംഗമാണ്. ആ സമരം എങ്ങനെ നടക്കുന്നു എന്ന് എനിക്കറിയാം. ഇത്തരത്തിൽ ഉള്ള പ്രകോപനം അവിടത്തെ തൊഴിലാളികൾ ഉണ്ടാക്കിയിട്ടില്ല, അവിടത്തെ തൊഴിലാളികൾ സത്യാഗ്രഹപ്പന്തൽ വച്ചുകെട്ടിയിട്ടുണ്ട്. സത്യാഗ്രഹപ്പന്തൽ വച്ചുകെട്ടിയിട്ടുള്ളത് ഉദ്യോഗസ്ഥൻമാരുടെ വീടിന് മുമ്പിലല്ല, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സ്റ്റാൻറിംഗ് ഓർഡർ പ്രകാരം ഫാക്ടറി പ്രിമിസസിൻെറ, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്താണ് തൊഴിലാളികൾ ടെൻറ് കെട്ടിയിട്ടുള്ളത്. അവിടെ ടെൻറിൽ, മൈക്കിൽ മുദ്രാവാക്യം വിളിച്ചാൻപ്പോലും അപ്പുറത്ത് നിൽക്കുന്ന മാനേജ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർക്ക് കേറ്റംക്കാൻ പറ്റുകയില്ല. അങ്ങനെയുള്ള സ്ഥലത്ത് സത്യാഗ്രഹം ചെയ്യരുതെന്നാണോ പറയുന്നത്? അങ്ങനെയുള്ള സമാധാനപരമായ സത്യാഗ്രഹമാണ് നടത്തുന്നത്. അങ്ങനെ സത്യാഗ്രഹം നടത്തുന്ന തൊഴിലാളികളുടെ ടെൻറ് പൊളിച്ചുമാറ്റാനും പോലീസ് ആജ്ഞാപിച്ചു. അത് കേറ്റംക്കാഞ്ഞപ്പോൾ ബലം പ്രയോഗിച്ച് അവർ ടെൻറ് പൊളിച്ചു. തൊഴിലാളികൾ അതിൽ പ്രതിഷേധിച്ചപ്പോൾ തൊഴിലാളികൾക്ക് നേരെ ലാത്തിച്ചാർജ് നടത്തി. പോലീസിൻെറ ആജ്ഞ കേറ്റംക്കാതെ വന്നപ്പോൾ, അതിൽ പ്രതിഷേധിച്ചപ്പോൾ അവർക്ക് നേരെ ലാത്തിച്ചാർജ്ജ് നടത്തി. അവിടം മുതൽ സി.ഐ.ടി.യു. ഓഫീസ് വരെ ഏതാണ്ട് ഒന്നര കിലോമീറ്റർ ദൂരം അകലത്തിൽ പോലീസ് നടന്നു തല്ലുകയായിരുന്നു. അങ്ങനെയുള്ള വേദനാജനകമായ സംഭവമാണ് അവിടെ കാണാൻ കഴിഞ്ഞത്. ഇത്തരം സംഭവങ്ങൾ ഈ സംസ്ഥാനത്ത് ആവർത്തിച്ച് ഈ സംസ്ഥാനത്തിൻെറ യശസ്സിന് മങ്ങലേൽപ്പിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. സംസ്ഥാനത്തിൻെറ യശസ്സിന് മങ്ങലേൽപ്പിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥൻമാർ ചെയ്യുന്ന നടപടികൾ തടയണം. ഉദ്യോഗസ്ഥൻമാരുടെ അങ്ങനെയുള്ള നീക്കത്തിന് മൂക്കുകയറിടണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റ് ചില കാര്യങ്ങൾ കൂടി എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാനുണ്ട്.

ഗ്വാളിയോർ റയോൺസിലെ തൊഴിലാളികളുടെ സമരം പൂർണ്ണമായും വ്യവസ്ഥാപിതമാണ്. സമരം സമാധാനപരമായിരുന്നു. പോലീസാണ് അവിടെ പ്രകോപനം ഉണ്ടാക്കിയിട്ടുള്ളത്. വളരെ ജാഗ്രതയോടുകൂടി ആഭ്യന്തര മന്ത്രി അത് പരിശോധിക്കുകയും നടപടിയെടുക്കുകയും ചെയ്യണം. ഒന്നുരണ്ട് കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കുവാനുണ്ട്. അതിലൊന്ന് പി.എസ്.സി. ഓഫീസുകളുടെ പ്രവർത്തനത്തെക്കുറിച്ചാണ്. 30–7–1984–ൽ കേരള കൗമുദിയിൽ വന്ന റിപ്പോർട്ടു പ്രകാരം ഇരുപത്തിയഞ്ചുലക്ഷം ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പട്ടത്തെ പി.എസ്.സി. ഓഫീസിൽ കനത്ത ചാക്കിനുള്ളിൽ ശ്വാസം മുട്ടി കിടക്കുകയാണ്. 16–9–1985–ൽ ശ്രീ. എ.സി. ഷൺമുഖദാസിൻെറ അൺസ്റ്റാർഡ് ചോദ്യത്തിന് മറുപടിയായിട്ട് ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളത് 11,53,258 സ്ത്രീകളും 13,90,457 പുരുഷൻമാരും അടക്കം 25,44,015 ഉദ്യോഗാർത്ഥികൾ ഈ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ്. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് 25 ലക്ഷം അപേക്ഷകൾ റിലീസ് ചെയ്യാതെ ചാക്കുകളിൽ ശ്വാസംമുട്ടി കിടക്കുന്നുവെന്നു പറഞ്ഞാൽ അത് ഈ രാജ്യത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ മോഹങ്ങളും അഭിലാഷങ്ങളും മരവിപ്പിക്കുന്ന നടപടിയാണ്. അതുകൊണ്ട് പി.എസ്.സി. ഓഫീസുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ സ്റ്റാഫിനെ കൊടുത്ത് കാര്യങ്ങൾ വേഗത്തിൽ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം പറയാനുള്ളത് ബി.ഡി.സി. കൾ പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇവിടെ ഗവൺമെൻറിനെ എതിർത്തുകൊണ്ട് അപ്പുറത്തു നിന്ന് സംസാരിച്ച പലരും സീതിഹാജിയുടെ പേര് ഉച്ചത്തിൽ പറയുന്നതുകേട്ടു. മുസ്ലീം ലീഗിൻെറ പേര് ഉച്ചരിക്കുന്നത് കേട്ടു. ഞങ്ങൾ ഭീഷണി മുഴക്കിയിട്ടുണ്ട് എന്നുകേട്ടു. ഞങ്ങൾ അങ്ങനെയൊരു

LIBRARY ARCHIVES Kerala Legislative Assembly

ഭീഷണി ആരോടും മുഴക്കിട്ടില്ല. ഞങ്ങളും ഭീഷണി പ്രയോഗിക്കുന്ന പാർട്ടിയുമല്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാണ്. ശ്രീ. സീതിഹാജി പറഞ്ഞിട്ടുള്ളതു് ഏതു് കാര്യമായാലും മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം തീരുമാനിച്ച കാര്യങ്ങളും പ്രവർത്തിക്കാൻ ഞങ്ങൾക്കു് സാധിക്കും എന്നാണു്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ വിലയുള്ള കാര്യങ്ങളും മാത്രമേ ഞങ്ങളും പറയുകയുള്ളു. നിർഭാഗ്യവശാൽ ശ്രീ. ഹംസയും മാർക്സിസ്റ്റു പാർട്ടിയും സ്വീകരിക്കുന്നതുപോലെയുള്ള വിലകുറഞ്ഞ സമീപനം ഞങ്ങളുടെ പാർട്ടി സ്വീകരിക്കുകയില്ല. നമ്മുടെ രാജ്യത്തു് സുലഭമായി കാണാറുള്ള രണ്ടു് സാധനങ്ങൾക്കു് പെട്ടെന്നു് വിലയിടിവു് ഉണ്ടായതായി കാണുന്നുണ്ടു്. അതിലൊന്നു് നാളികേരവും മറ്റൊന്നു് മാർക്സിസ്റ്റു് പാർട്ടിയുമാണു്. രണ്ടിനേറെയും വില ഇടിഞ്ഞു. നാളികേരത്തിന്റെ വിലയിടിയാൻ കാരണം വെളിച്ചെണ്ണ ഇറക്കുമതിയാണെങ്കിൽ മാർക്സിസ്റ്റു് പാർട്ടിയുടെ വിലയിടിയാൻ കാരണം ചൈനയിലെ സാംസ്ക്കാരിക വിപ്ലവത്തിന്റെ പതിപ്പു് കേരളത്തിൽ ഇറക്കുമതി ചെയ്തതിന്റെ ഫലമായിട്ടാണു്; ശരി അതിനെതിരായി വെല്ലുവിളി നടത്തിയിട്ടാണു്. ഈ അവസരത്തിൽ സ്വന്തം വില ഇടിഞ്ഞുപോയ പാർട്ടി സീതിഹാജിയേയും മുസ്ലീം ലീഗിനേയും ആക്ഷേപിക്കുന്നതു് ശരിയല്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഭരണയന്ത്രം കാര്യക്ഷമമാക്കുന്നതിനുള്ള നടപടിയെടുക്കണം എന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഈ ധനവിനിയോഗ ബില്ലിനെ ഒന്നുകൂടി പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ.ജെ. ജോർജ്ജ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണു്. ആദ്യമേ തന്നെ എനിക്കു് പറയുവാനുള്ളതു് ബഹുമാനപ്പെട്ട നമ്മുടെ മന്ത്രിമാരുടെ വേഗതയിലുള്ള യാത്രയെ സംബന്ധിച്ചാണു്. ഇന്നലെപ്പോലും നമ്മുടെ മുഖ്യമന്ത്രിയുടെ എസ്കോർട്ടു് കാറിടിച്ചു് എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയിലെ മാമുരുങ്ങൂരിൽ വച്ചു് 7 വിദ്യാർത്ഥികൾക്കു് മാരകമായി പരിക്കുപറ്റി. അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണു്. മുഖ്യമന്ത്രിയുടെ കാറിന്റെ സ്പീഡു് കുറച്ചു് നാട്ടുകാരെ രക്ഷിക്കുന്നതിനുള്ള നടപടി ഈ സംസ്ഥാനത്തു് സ്വീകരിക്കേണ്ടതാണു്. മന്ത്രിമാർ പോകുന്ന കാർ വിദേശകാറുകളും എസ്കോർട്ടു് പോകുന്നതു് സ്വദേശി കാറുമാണു്. വിദേശകാർ സ്പീഡിൽ ഓടിക്കുമ്പോൾ സ്വദേശി കാറു് അപകടപ്പെടും. മന്ത്രിമാർ രക്ഷപ്പെടുകയും ചെയ്യും. ഈ വിരോധാഭാസം നിർത്തിയേതീരൂ. ഇങ്ങനെയുള്ള അപകടകരമായ യാത്ര നിർത്തിവച്ചാൽ മാത്രമേ ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാനാകുകയുള്ളു. സ്പീഡു് കുറച്ചു് വാഹനങ്ങൾ ഓടിക്കണം. മന്ത്രിമാർ ഇങ്ങനെ ചെയ്തില്ലെങ്കിൽ ഈ രാജ്യത്തു് അപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കും. കഴിഞ്ഞ തിങ്കളാഴ്ച ഒരു അടിയന്തിരപ്രമേയം ചർച്ചക്കു് അനുവദിക്കാതെ വിട്ടു. ഈ മന്ത്രിമാരാണു് മാതൃകയായിട്ടു് ഇരിക്കുന്നതു്. മന്ത്രിമാരുടെ വാഹനങ്ങളുടെ ഓവർസ്പീഡു് നിർത്താതെ ഈ രാജ്യത്തിനു് രക്ഷയില്ല. മറ്റെല്ലാ മന്ത്രിമാരും.....

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, 7 കുട്ടികളെ കാറിടിച്ചു് അപകടനിലയിൽ റോഡിലിട്ടശേഷം അവിടെ ഇറങ്ങി നോക്കുകപോലും ചെയ്യാതെ കടക്കുകയാണു് മുഖ്യമന്ത്രി ചെയ്തതു് എന്നു പത്രങ്ങളിൽ കണ്ടു. അതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ജെ. ജോർജ്ജ്: ഞാനും പത്രത്തിൽ വായിച്ചു. മന്ത്രി ഇറങ്ങിയില്ലെന്നു മാത്രമല്ല യാതൊരു നിർദ്ദേശവും കൊടുക്കാതെ ഇങ്ങോട്ടു പോന്നു. അത് വളരെ പരിഹാസ്യമായ ഏർപ്പാടാണ്. ഇങ്ങനെ നീചമായ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടാകരുതായിരുന്നു.

നമ്മുടെ കാർഷികമേഖല വളരെയധികം പുരോഗതി പ്രാപിച്ചിരിക്കുന്നുവെന്ന് ശ്രീ. കുട്ട്യാലി ഇവിടെ പറയുകയുണ്ടായി. കാർഷിക മേഖല നശിച്ചുകൊണ്ടിരിക്കുകയാണ്. അരിയുൽപ്പാദനം കുറഞ്ഞു കൊണ്ടിരിക്കുന്നു. 13 ലക്ഷം ടൺ അരിയുൽപ്പാദനം ഉണ്ടായിരുന്നത്, 1984–'85 ആയപ്പോൾ 12 ലക്ഷമായി കുറഞ്ഞു. മറന്നാൽ ഇവിടെ ട്രാൻസ്പോർട്ടുകാർ സമരം നടത്താൻ പോകുകയാണ്. അത് ഒഴിവാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നേരത്തെയുള്ള എഗ്രിമെൻറുകൾ കാറ്റിൽ പറത്തിക്കൊണ്ട് ശ്രീ. സുന്ദരൻ നാടാരും ജയറാംപടിക്കലും ട്രാൻസ്പോർട്ടിനെ കൊല്ലാക്കൊല ചെയ്യുകയാണ്. നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ ഇത് ഒത്തുതീർപ്പുണ്ടാക്കണം. ശ്രീ. മാണി ഡി.എ. കൊടുക്കുകയില്ല എന്നു പറഞ്ഞത് ശരിയായില്ല. ഞാൻ ഈ ധനവിനിയോഗബില്ലിനെ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. എ.വി. താമരാക്ഷൻ: സർ, അഴിമതിയും ധൂർത്തും മുഖമുദ്രയാക്കി, ജനങ്ങളെ മറന്ന് സമ്മർദ്ദഗ്രൂപ്പുകൾക്കുവേണ്ടി ഭരണം നടത്തുന്ന ഈ ഗവൺമെൻറ് കൊണ്ടുവന്ന ധനവിനിയോഗബില്ലിനെ ഞാൻ എതിർക്കുകയാണ്. ഉപധനാഭ്യർത്ഥനകളുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീമാൻ പി.സി. ജോർജ്ജ് ഇവിടെ പ്രസംഗിച്ചതു കണ്ടപ്പോൾ കേരള കോൺഗ്രസ്സിനുണ്ടായ അപമാനത്തെ മൂടിവയ്ക്കാൻ ഒരു നാടകം അഭിനയിക്കുന്നതു പോലെയാണ് തോന്നിയത്. ഇതു പറയുമ്പോൾ ചെറിയ ഒരു ഉപമയാണ് ഞാൻ ഓർക്കുന്നത്. നാട്ടിൻപുറത്ത് ചില വീടുകളുടെ മുറ്റത്ത് കൊടിച്ചിപ്പട്ടികൾ കിടക്കാറുണ്ട്. മറ്റ് ഏതെങ്കിലും പട്ടികൾ അതിലെ കടന്നുപോകുമ്പോൾ ഇവ കുരച്ചുകൊണ്ട് ആ പട്ടിയുടെ മേൽ ചാടിവീഴും. ആ പട്ടി രണ്ട് അലക്ക് അലക്കി കടിച്ചു കഴിയുമ്പോൾ മുഖമെല്ലാം കീറി ചോരയുമായി മോങ്ങിക്കൊണ്ട് വീണ്ടും വീട്ടുമുറ്റത്ത് കിടക്കുന്ന കാഴ്ച കണ്ടിട്ടുണ്ട്. അതുപോലെയാണ് ഇപ്പോൾ കേരള കോൺഗ്രസ്സിനുണ്ടായ അനുഭവം. ബാലകൃഷ്ണപിള്ളയുടെ പ്രശ്നം പറഞ്ഞുകൊണ്ട് ശ്രീ. കരുണാകരനേയും ശ്രീ. രാജീവ്ഗാന്ധിയേയും പേടിപ്പിച്ചുകൊണ്ട് നടന്ന ശ്രീ. മാണിയും കേരള കോൺഗ്രസ്സും സി.ബി.ഐ. യേയും ശ്രീ. രാജീവ്ഗാന്ധിയേയും കണ്ടപ്പോൾ ചോരയും ഒലിപ്പിച്ച് മോങ്ങിക്കൊണ്ട് കിടക്കുന്ന കാഴ്ചയാണ് കേരളത്തിൽ കാണുന്നത്. എനിക്ക് മന്ത്രിയാകേണ്ട സി.ബി.ഐ. യുടെ അന്വേഷണത്തിൽ നിന്ന് എന്നെ വിമുക്തനാക്കണമെന്നു പറഞ്ഞുകൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ള ശ്രീ. കരുണാകരൻറെ അടുക്കലും ശ്രീ. എം.പി. ഗംഗാധരൻറെ അടുക്കലും പോലും സാഷ്ടാംഗ പ്രണാമം നടത്തിയെന്നാണ് അറിയാൻ കഴിയുന്നത്. അങ്ങനെ അപമാനകരമായ നിലയിൽ അത് കിടക്കുന്നു. സംസ്ഥാന ഗവൺമെൻറിൻറെ പിടിപ്പുകെട്ട നയത്തിനെ ഞാൻ എതിർക്കുകയാണ്.

വനം വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻമാർക്കുള്ള ഹൗസിംഗ് സ്കീമിനെപ്പറ്റി ചില പരാമർശങ്ങൾ ഉണ്ടായതുകൊണ്ട് രണ്ട് വാക്ക് പറയാൻ ആഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. സർ, കഴിഞ്ഞ കൊല്ലം ഈ നിയമസഭയിൽ തന്നെ പല അംഗങ്ങളും എം.എൽ.എ. മാരുടെ ഹൗസിംഗ് സ്കീമിനെപ്പറ്റി ചോദ്യം ചോദിച്ചിട്ടുണ്ട്. ഹൗസിംഗിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയെന്ന നിലയിൽ ഹൗസിംഗ് കമ്മിറ്റിയുമായി ഞാൻ ചർച്ചകളും നടത്തി. എന്റെ ഓർമ്മ ശരിയാണെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ എം.എൽ.എ. മാരുടെ ഹൗസിംഗ് സ്കീമിനെപ്പറ്റി പറഞ്ഞിരുന്നു. ഗവൺമെൻറിന്റെ— സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് അതു തുടങ്ങാൻ കഴിഞ്ഞില്ല. എന്നാൽ അടുത്തകാലത്തു ഹൗസിംഗ് ഡെവലപ്പ്മെൻറ് കോർപ്പറേഷനുമായി ചർച്ച നടത്തി ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് തരണമെന്നു് ആവശ്യപ്പെട്ടു. സാധാരണ ഗതിയിൽ Line of credit കൊടുക്കാറില്ല. എന്നാൽ ഈ സ്കീമിന്റെ പ്രത്യേകത പരിഗണിച്ചു ഒരു Line of credit തരാമെന്ന് എച്ച്.ഡി.എഫ്.സി. സമ്മതിച്ച പശ്ചാത്തലത്തിലാണ് ഈ സ്കീമിന് രൂപം കൊടുത്തത്. ഗവൺമെൻറിന്റെ ബഡ്ജറ്റ് മണിയല്ല. മറിച്ച് ഹൗസിംഗ് ഡിപ്പാർട്ടുമെൻറ് ഫൈനാൻസ് കോർപ്പറേഷൻ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് ഈ സ്കീം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ തന്നെ 50,000, ഒരു ലക്ഷം, ഒന്നര ലക്ഷം, 2 ലക്ഷം രണ്ടര ലക്ഷം, 3 ലക്ഷം എന്നിങ്ങനെയാണ് സ്ലാബ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ എം.എൽ.എ.യ്ക്കും തിരിച്ചടയ്ക്കാനുള്ള കഴിവ് പരിഗണിച്ചാണ് ഇതു നൽകുന്നത്. ഇതിന് 7 ശതമാനം പലിശ ഈടാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. കെ.പി. പ്രഭാകരൻ: എം.എൽ.എ. മാരുടെ ഹോസ്റ്റലിലെ നടത്തിപ്പുകാര്യങ്ങളും അന്വേഷിക്കാനല്ലാതെ ഈ സംസ്ഥാനത്ത് മുഴുവൻ വീടു പണിയാനാണോ ഹൗസിംഗ് കമ്മിറ്റിയെ നിശ്ചയിച്ചിരിക്കുന്നത്? .....(ബഹളം)..... .....

ശ്രീ. പി.ജെ. ജോസഫ്: ഈ നിയമസഭയിലെ അംഗങ്ങൾക്കെല്ലാം തുല്യമായ അവകാശങ്ങളുണ്ട്. ഈ നിയമസഭയിൽ പലവട്ടം ഈ ചോദ്യം ഉന്നയിച്ചിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും എതിർത്തില്ല. നിയമ സഭാ സ്പീക്കറുമായി ചർച്ച ചെയ്താണ് ഇതു നടപ്പാക്കണമെന്ന് തീരുമാനിച്ചത്. ഗവൺമെൻറിന് ഇതു നടപ്പാക്കണമെന്ന് നിർബന്ധമൊന്നുമില്ല. ഹൗസിംഗ് ഡവലപ്പ്മെൻറ് ഫൈനാൻസ് കോർപ്പറേഷൻ ഫണ്ട് തരാമെന്നു പറഞ്ഞ പശ്ചാത്തലത്തിൽ ഈ സ്കീമിന് രൂപം കൊടുത്തു. 50 ശതമാനം എം.എൽ.എ. മാർ വീട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സ്പീക്കറുമായി ചർച്ച ചെയ്തു ഈ പരിപാടിയുമായി മുന്നോട്ടു പോയത്.....(ബഹളം).....

മി. സ്പീക്കർ: ഈ വാദപ്രതിവാദം നീട്ടിക്കൊണ്ടുപോകേണ്ട കാര്യമില്ല. .....(ബഹളം).....

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഗവൺമെൻറ് ഒരു സ്കീം അനൗൺസ് ചെയ്തതിന്റെ പേരിൽ ധർമ്മരോഷം ഉള്ളവർ ആ സ്കീമിൽ ചേരണ്ട. ഇഷ്ടം ഉള്ളവർ ചേർന്നാൽ മതി. ഈ ധനവിനിയോഗബില്ലിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ അതിനകത്തെ പ്രൊവിഷനെ ആരും എതിർക്കാതിരുന്നതുകൊണ്ട് എനിക്ക് ഒന്നും പറയാനില്ല. ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1985–ലെ കേരള ധനവിനിയോഗ (നമ്പർ 8) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം വോട്ടിനിട്ടു സഭ അംഗീകരിച്ചു.

വകുപ്പു തിരിച്ചുള്ള ചർച്ച.

2, 3 വകുപ്പുകൾ

2–ഉം 3–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, 1985–ലെ കേരള ധനവിനിയോഗ (നമ്പർ 8) ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1985–ലെ കേരള ധനവിനിയോഗ (നമ്പർ 8) ബിൽ പാസ്സാക്കുക എന്ന പ്രമേയത്തെ സംബന്ധിച്ച്.....

ശ്രീ. കെ. ചന്ദ്രശേഖരൻ നായർ: ഞാൻ പോയം ആവശ്യപ്പെടുന്നു. (താഴെപ്പറയും പ്രകാരം സഭ രണ്ടായിട്ടു പിരിഞ്ഞു. വോട്ടെടുപ്പു നടത്തപ്പെട്ടു)

അനുകൂലിക്കുന്നവർ–70

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. കെ. അവുക്കാദർകുട്ടി നഹ
4. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. യു.എ. ബീരാൻ
7. ശ്രീ. ബെന്നി ബെഹനാൻ
8. ശ്രീ. പി. ഭാസ്കരൻ
9. ശ്രീ. വി. ദിനകരൻ
10. ശ്രീ. എം.പി. ഗംഗാധരൻ
11. ശ്രീ. എ. ജോർജ്ജ്
12. ശ്രീ. പി.സി. ജോർജ്ജ്
13. ശ്രീ. കെ.എം. ഹംസക്കുഞ്ഞ്
14. ശ്രീ. എം.എം. ഹസ്സൻ
15. ശ്രീ. എ.എൽ. ജേക്കബ്
16. ശ്രീ. ഠി.എം. ജേക്കബ്
17. ശ്രീ. സി.ജി. ജനാർദ്ദനൻ

LIBRARY ARCHIVES Kerala Legislative Assembly

18. ഡോക്ടർ കെ.സി. ജോസഫ്
19. ശ്രീ. കെ.സി. ജോസഫ്
20. ശ്രീ. പി.ജെ. ജോസഫ്
21. ശ്രീ. വി.വി. ജോസഫ്
22. ശ്രീ. കെ.കെ. നായർ
23. ശ്രീമതി എം. കമലം
24. ശ്രീ. കെ.ജി.ആർ. കർത്താ
25. ശ്രീ. ജി. കാർത്തികേയൻ
26. ശ്രീ. കെ. കരുണാകരൻ
27. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
28. ശ്രീ. മണിമംഗലത്തു കുട്ട്യാലി
29. ശ്രീ. ഇ.ജെ. ലൂക്കോസ്
30. ശ്രീ. കെ.പി.എ. മജീദ്
31. ശ്രീ. കെ.എം. മാണി
32. ശ്രീ. എം.വി. മാണി
33. ശ്രീ. കെ. മുഹമ്മദാലി
34. ശ്രീ. പി.എ. മുഹമ്മദ് കണ്ണ്
35. ശ്രീ. ടി.എച്ച്. മുസ്തഫ
36. ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി
37. ശ്രീ. കെ.പി. നൂറുദ്ദീൻ
38. ശ്രീ. സി.വി. പത്മരാജൻ
39. ശ്രീ. തച്ചടി പ്രഭാകരൻ
40. ശ്രീ. കെ. രാഘവൻമാസ്റ്റർ
41. ശ്രീ. രാഘവൻ പൊഴക്കടവിൽ
42. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
43. ശ്രീ. കെ.പി. രാമചന്ദ്രൻ നായർ
44. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
45. ശ്രീ. രമേശ് ചെന്നിത്തല
46. ശ്രീ. തോപ്പിൽ രവി
47. ശ്രീ. വയലാർ രവി
48. ശ്രീ. പി. സീതിഹാജി
49. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
50. ശ്രീ. കടവൂർ ശിവദാസൻ
51. ശ്രീ. നാലകത്തു സൂപ്പി
52. ശ്രീ. കെ.കെ. ശ്രീനിവാസൻ
53. ശ്രീ. എൻ. ശ്രീനിവാസൻ
54. ശ്രീ. പന്തളം സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. തകോട്ടക്കുഴി സുകുമാരൻ
56. ശ്രീ. സി.എം. സുന്ദരം
57. ശ്രീ. വി. സുരേന്ദ്രൻപിള്ള
58. ശ്രീ. പി.പി. തങ്കച്ചൻ
59. ശ്രീ. സി.എഫ്. തോമസ്
60. ശ്രീ. കെ.കെ. തോമസ്
61. ശ്രീ. പി.സി. തോമസ് (തിരുവല്ല)
62. ശ്രീ. തോമസ് കല്ലംപള്ളി
63. ശ്രീ. പി.കെ. വേലായുധൻ
64. ശ്രീ. സ്റഫീഫൻ പാദുവ
65. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
66. ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ
67. ശ്രീ. കെ.പി. രാമൻ
68. ശ്രീ. പി.എം. അബൂബേക്കർ
69. ശ്രീ. എൻ. ശങ്കരൻ നാടാർ
70. ശ്രീ. ജോസ് കുറ്റിയാനി

പ്രതികൂലിക്കുന്നവർ–52

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. കെ.പി. അരവിന്ദാക്ഷൻ
3. ശ്രീ. ടി.കെ. അറുമുഖൻ
4. ശ്രീ. ബേബി ജോൺ
5. ശ്രീ. കെ.കെ. ബാലകൃഷ്ണൻ
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. സി.കെ. ചക്രപാണി
9. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
10. ശ്രീ. കെ. ചന്ദ്രശേഖരൻ
11. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള
13. ശ്രീ. സിറിയക് ജോൺ
14. ശ്രീമതി പി. ദേവൂട്ടി
15. ശ്രീ. കെ.ജെ. ജോർജ്ജ്
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. എം. ജിനദേവൻ
19. ശ്രീ. ഇ.കെ. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. വി.സി. കബീർ
21. ശ്രീ. കെ.ടി. കണാരൻ
22. ശ്രീ. എം.കെ. കേശവൻ
23. ശ്രീ. വി. കേശവൻ
24. ശ്രീ. സി.ടി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
27. ശ്രീ. പി. കുമാരൻ
28. ശ്രീ.പി.വി. കുഞ്ഞിക്കണ്ണൻ
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. ശ്രീ. എ.കെ. പത്മനാഭൻ
31. ശ്രീ. ഇ. പത്മനാഭൻ
32. ശ്രീ. കെ. പങ്കജാക്ഷൻ
33. ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ
34. ശ്രീ. കെ.പി. പ്രഭാകരൻ
35. ശ്രീ. കെ. പുരുഷോത്തമൻ
36. ശ്രീ. വർക്കല രാധാകൃഷ്ണൻ
37. ശ്രീ. എം.വി. രാഘവൻ
38. ശ്രീ. വി.കെ. രാജൻ
39. ശ്രീ. കെ. ശങ്കരനാരായണപിള്ള
40. ശ്രീ. എ.കെ. ശശീന്ദ്രൻ
41. ശ്രീ. എ.സി. ഷൺമുഖദാസ്
42. ഡോക്ടർ എ. സുബ്ബറാവു
43. ശ്രീ. കെ.വി. സുരേന്ദ്രനാഥ്
44. ശ്രീ. എ.വി. താമരാക്ഷൻ
45. ശ്രീ. സി.കെ. തങ്കപ്പൻ
46. ശ്രീ. വി.ജെ. തങ്കപ്പൻ
47. ശ്രീ. എസ്.ആർ. തങ്കരാജ്
48. ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി)
49. ശ്രീ. ആർ.എസ്. ഉണ്ണി
50. ശ്രീ. ജി. വരദൻ
51. ശ്രീ. സി. വാസുദേവമേനോൻ
52. ശ്രീ. പി. വിജയദാസ്

അനുകൂലിക്കുന്നവർ—70

പ്രതികൂലിക്കുന്നവർ—52

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബില്ല് പാസാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചകഴിഞ്ഞ് 1.50-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

നിയമസഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.

(3) സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഇതിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നതിൽനിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷമാണ് സെലക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ രണ്ടു നിയമ നിർമ്മാണമാണ് ഈ സഭ പരിഗണിച്ചത്. 1980-ലെ Fishermen Welfare Society Bill നിയമമായി. അതിന്റെ പ്രവർത്തനത്തിന് നാം ആരംഭം കുറിച്ചിരിക്കുകയാണ്. അതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി അവർക്ക് ആശ്വാസം നൽകുന്നതിനായിട്ടുള്ള ഒരു നിയമമാണിവിടെ പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്. ഈ രണ്ടു നിയമങ്ങളും പൂർത്തിയായി അവ നടപ്പിലാക്കുമ്പോൾ തീർച്ചയായും മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിന് ഇന്നലെവരെയുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായ ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതാണ് നമ്മുടെ പ്രതീക്ഷ. പ്രതീക്ഷ പൂർണ്ണമായും നിറവേറ്റപ്പെടുന്നുണ്ടോയെന്നുള്ളത് മറ്റൊരു പ്രശ്നമാണ്. എങ്കിൽപ്പോലും ഇന്നലെവരെ അവർക്കുണ്ടായിരുന്ന വൈഷമ്യം നിറഞ്ഞ ജീവിതത്തിന് ഒരു പരിധിവരെ ആശ്വാസം നൽകാൻ സാധിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

സൊസൈറ്റീസ് ആക്ട് അവർക്ക് തൊഴിലവസരങ്ങൾ നൽകാനുള്ളതാണ്. മൂന്നാം കക്ഷിയിൽനിന്നുമുള്ള ചൂഷണത്തിൽനിന്നും അവരെ മോചിപ്പിക്കുവാനുള്ള ശ്രമം നടത്തുന്നതിനാണ് ആ നിയമം സഭ പാസ്സാക്കിയത്. ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള നിയമം അവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹ്യപ്രശ്നങ്ങൾക്കും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണേണ്ടതാനുള്ളതാണ്. ഇന്നത്തെ അവരുടെ വരുമാനംകൊണ്ട് നിത്യ

LIBRARY ARCHIVES Kerala Legislative Assembly